# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

***എം.സി.റോഡ് 130– ജംഗ്ഷൻ മുതൽ എൻ.എച്ച് 85 കടാതി വരെ മൂവാറ്റുപുഴ ബൈപാസ് നിർമ്മാണത്തിന് വേണ്ടി മൂവറ്റുപുഴ താലൂക്കിൽ മാറാടി, വെള്ളൂർകുന്നം വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കൽ***

***ഏറണാകുളം ജില്ലാഭരണകൂടം ചുമതലപ്പെടുത്തിയത്***

**ജനുവരി 15, 2022**

**അർത്ഥനാധികാരി**

കേരള റോഡ് ഫണ്ട് ബോർഡ് – പി.എം.യു.ഡിവിഷൻ

മൂവാറ്റുപുഴ/ഇടുക്കി

തൊടുപുഴ – 685 584


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

**രാജഗിരി ഔട്ട്റീച്ച്**

**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**

**രാജഗിരി.പി.ഒ. കളമശേരി**

**പിൻ: 683 104**

**ഫോൺ: 0484 2911332/2550785**

**outreach@rajagiri.edu**

**rossrajagiri@gmail.com**

**www.rajagirioutreach.in**

**ഉള്ളടക്കം**

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 പദ്ധതി പ്രദേശം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10.ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെ ക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠന ത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും.

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5:ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 :സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനര ധിവാസ ത്തിനും പുനഃസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6.ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7.അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

4.8.1. പദ്ധതിബാധിതമാകുന്ന വീടുകൾ

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

6.2.1. പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

## ചിത്രങ്ങൾ

4.7.1. പദ്ധതിബാധിത ഭൂമിയുടെ തരം

4.7.2. പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

4.8.1. ഉടമകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ്

6.1.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ ലിംഗഭേദം

6.1.2. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായം

6.2.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ തൊഴിൽ

6.2.2. പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനം

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അനുബന്ധ സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ഗതാഗതം, ഊർജ്ജം, ആശയവിനിമയ സംവിധാനം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നവീകൃതമാക്കുന്നതിലൂടെ ജീവിതനിലവാരത്തെ പ്രത്യക്ഷമായി ബാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, എന്നിവ ഉൾപ്പടെയുള്ള സാമൂഹിക അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിന് വഴിതെളിയും. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം ഉണ്ടായിരിക്കുക എന്നത് രാജ്യത്തിൻെറ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ക്രമാനുഗതമായി നടപ്പിലാക്കുന്ന പഞ്ചവത്സര പദ്ധതികളിൽ സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിന് വേണ്ടിയുള്ള കരുതൽ ഉത്തരോത്തരം വർദ്ധിപ്പിച്ചു കൊണ്ട് കേരളത്തിൽ എല്ലാ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വിധത്തിലുള്ള സമഗ്രമായ റോഡ് ശൃംഖല വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

മധ്യ കേരളത്തിലെ ഒരു പ്രധാന വാണിജ്യ-വ്യവസായ കേന്ദ്രമായി വളർന്ന് കൊണ്ടിരിക്കുന്ന നഗരമാണ് മൂവാറ്റുപുഴ. മൂവാറ്റുപുഴയിൽ നിലവിൽ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന ഗതാഗതകുരുക്ക് പരിഹരിച്ച് സുഗമമായ ഗതാഗതം സാധ്യമാക്കുന്നതിന് ഹൈവേകളിലെയും റോഡുകളിലെയും വളവുകൾ നിവർത്തുകയും വിസ്തൃതമാക്കുകയും ചെയ്യേണ്ടതുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളെ ബന്ധിപ്പിക്കുന്ന 3 പ്രധാന റോഡുകളായ ദേശീയപാത 85, സംസ്ഥാന പാത 41, സംസ്ഥാന പാത 1 എന്നിവ കൂടിചേരുന്ന ഒരു കവലയാണ് മൂവാറ്റുപുഴ. കൊച്ചിയിലെ കാക്കനാട് പ്രവർത്തിക്കുന്ന ഇൻഫോപാർക്കിലേക്കും സ്മാർട്ട് സിറ്റിയിലേക്കും പ്രവേശനം എളുപ്പമാക്കുന്നതിന് ടി റോഡുകൾ നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നു. സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ

ദേശീയ പാത 85 ലെ കടാതി വരെ 2.270 കിലോമീറ്റർ നീളത്തിൽ ബൈപ്പാസ് റോഡിൻെറ വികസനത്തിന് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ. നിർദ്ദിഷ്ട പ്രദേശത്ത് മൂവാറ്റുപുഴ ആറിന് കുറുകെ മുറിക്കല്ല് പാലത്തിൻെറ നിർമ്മാണം 14.07.2017ൽ പൂർത്തിയാക്കിയിട്ടുണ്ട് എങ്കിലും അനുബന്ധറോഡ് വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നു.

മൂവാറ്റുപുഴ പട്ടണത്തിൽ നിലവിൽ അനുഭവപ്പെട്ട് കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾക്ക് നിർദ്ദിഷ്ട പദ്ധതി ഒരു പരിഹാരമാകും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ എറണാകുളം, ഇടുക്കി, തൊടുപുഴ, കോട്ടയത്തിൻെറ കിഴക്കൻ മേഖല എന്നിവിടങ്ങളിൽ നിന്നുമുള്ള യാത്രക്കാർക്ക് മൂവാറ്റുപുഴ പട്ടണത്തിൽ കടക്കാതെ ബൈപ്പാസിലേക്ക് പ്രവേശിക്കുവാൻ കഴിയും എന്നതിനാൽ യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയും. കൂടാതെ റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

നിർദ്ദിഷ്ട പദ്ധതി സംസ്ഥാനപാത 1 ലെ എം.സി (മെയിൻ സെൻട്രൽ) റോഡ് 206.000 ൽ ആരംഭിച്ച് മൂവാറ്റുപുഴ അഞ്ചൽപെട്ടി റോഡിലൂടെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി റോഡിൽ പ്രവേശിച്ച് മാറാടി വില്ലേജിലെ സ്വകാര്യ സ്ഥലങ്ങളിലൂടെ മൂവാറ്റുപുഴ ആറിനു കുറുകെ നിർമ്മിച്ചിട്ടുള്ള മുറിക്കല്ല് പാലം വരെ എത്തിനിൽക്കുന്നു. മുറിക്കല്ല് പാലം കടന്നതിനു ശേഷം വെള്ളൂർക്കുന്നം വില്ലേജിലൂടെ 0.400 കിലോമീറ്റർ കടന്ന് ദേശീയ പാത 85 ലെ ചെയിനേജ് 2.270 ലെ കടാതിയിൽ അവസാനിക്കുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2021 ഡിസംബർ 13 തിയ്യതിയിലെ കേരള ഗസറ്റ് നമ്പർ 3617 ൽ പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാകളക്ടറുടെ 2021 ഡിസംബർ 10 തീയതിയിലെ വിജ്ഞാപനം

നമ്പർ C1-5068/2021/DCEKM പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപ്പാസ് റോഡിൻെറ വികസനത്തിന് വേണ്ടി മാറാടി വില്ലേജിലെ 58 സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 1.84.86 ഹെക്ടർ സ്ഥലവും വെള്ളൂർക്കുന്നം വില്ലേജിലെ സർവ്വെ നമ്പർ 522/16-3ൽ നിന്നും ഏകദേശം 0.12.46 ഹെക്ടർ സ്ഥലവുമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

| താലൂക്ക്/ വില്ലേജ് | ക്രമനമ്പർ | പഴയ സർവ്വെ നമ്പർ | ഭൂമിയുടെ തരം | | ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ വിസ്തീർണം (ഹെക്ടറിൽ) |
|---|---|---|---|---|---|
| | | | റവന്യൂ രേഖ പ്രകാരം | നാളത് ഭൂസ്ഥിതി പ്രകാരം | |
| മൂവാറ്റുപുഴ/ മാറാടി | 1 | 356/1എ 4 | നിലം | നിലം നികത്ത് പുരയിടം | 0.09.97 |
| | 2 | 356/2-ബി 5 | | | 0.06.39 |
| | 3 | 356/2-ബി 8 | | | 0.01.25 |
| | 4 | 357/1-എ 3 | | | 0.06.64 |
| | 5 | 357/1-എ 4 | | | 0.00.34 |
| | 6 | 357/1-എ 5 | | | 0.00.85 |
| | 7 | 357/5-എ 4 | | | 0.07.20 |
| | 8 | 357/5-എ 7 | | | 0.10.91 |
| | 9 | 357/8-എ 4 | നിലം | നിലം | 0.19.32 |
| | 10 | 358/5-എ 3 | പുരയിടം | പുരയിടം | 0.09.68 |
| | 11 | 358/6-എ 3 | | | 0.00.03 |
| | 12 | 387/3-2 | | | 0.01.09 |
| | 13 | 387/4- ബി 2 | | | 0.00.18 |
| | 14 | 387/6-എ 2 | | | 0.00.24 |
| | 15 | 387/6എ6 | | | 0.09.80 |
| | 16 | 387/6സി2 | | | 0.04.22 |
| | 17 | 387/6സി14 | | | 0.03.42 |
| | 18 | 388/1-23 | | | 0.01.79 |
| | 19 | 388/1-26 | | | 0.00.34 |
| | 20 | 388/1-27 | | | 0.00.34 |
| | 21 | 388/1-32 | | | 0.00.97 |

| | | | | | |
|---|---|---|---|---|---|
| | 22 | 388/1–33 | | | 0.00.32 |
| | 23 | 388/1–34 | | | 0.00.26 |
| | 24 | 388/1–35 | | | 0.04.27 |
| | 25 | 388/2–12 | | | 0.07.73 |
| | 26 | 388/2–13 | | | 0.05.58 |
| | 27 | 388/2–14 | | | 0.01.85 |
| | 28 | 388/2–17 | | | 0.02.26 |
| | 29 | 388/3–എ2 | | | 0.07.53 |
| | 30 | 389/1–2 | നിലം | നിലം നികത്ത് പുരയിടം | 0.03.32 |
| | 31 | 389/4–5 | | | 0.00.84 |
| | 32 | 389/4–7 | | | 0.02.38 |
| | 33 | 389/4–8 | | | 0.06.01 |
| | 34 | 389/5–എ2 | പുരയിടം | പുരയിടം | 0.04.93 |
| | 35 | 389/6–എ3 | | | 0.03.33 |
| | 36 | 389/15–8 | | | 0.00.20 |
| | 37 | 389/15–9 | | | 0.00.22 |
| | 38 | 389/17–5 | | | 0.00.03 |
| | 39 | 389/17–6 | | | 0.00.71 |
| | 40 | 389/17–7 | | | 0.00.27 |
| | 41 | 389/18–4 | നിലം | നിലം നികത്ത് പുരയിടം | 0.06.03 |
| | 42 | 389/19–2 | | | 0.01.64 |
| | 43 | 392/1–ബി 3 | പുരയിടം | പുരയിടം | 0.02.79 |
| | 44 | 392/2–3 | | | 0.01.12 |
| | 45 | 392/3–4 | | | 0.01.04 |
| | 46 | 392/3–5 | | | 0.00.68 |
| | 47 | 392/3–6 | | | 0.00.72 |
| | 48 | 393/3–എ3 | നിലം | നിലം നികത്ത് പുരയിടം | 0.01.32 |
| | 49 | 393/3എ4 | | | 0.01.08 |
| | 50 | 393/3/–എ4 | | | 0.01.08 |
| | 51 | 393/3–എ4 | | | 0.06.78 |
| | 52 | 393/3–ബി 3 | | | 0.00.13 |
| | 53 | 393/3–ബി 4 | | | 0.00.07 |
| | 54 | 393/4–2 | | | 0.05.46 |
| | 55 | 393/4–2 | | | 0.00.56 |
| | 56 | 393/5–എ3 | | | 0.03.39 |
| | 57 | 393/5–എ3 | | | 0.00.18 |
| | 58 | 393/5–എ4 | | | 0.03.78 |
| **ആകെ** | | | | | **1.84.86** |
| മൂവാറ്റുപുഴ/ | 1 | 552/16–3 | നിലം | നിലം | 0.12.46 |

| | | | | | |
|---|---|---|---|---|---|
| വെള്ളൂർക്കുന്നം | | | | നികത്ത് പുരയിടം | |
| **ആകെ** | | | | | **0.12.46** |

നാളത് ഭൂസ്ഥിതി പ്രകാരം ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ 26 സർവ്വെ നമ്പറുകൾ നിലം നികർത്ത് പുരയിടങ്ങളും 1 എണ്ണം നിലവും 32 സർവ്വെ നമ്പറുകൾ പുരയിടങ്ങളു മാണെന്ന് ജില്ലാ ഭരണകൂടം പ്രസിദ്ധപ്പെടുത്തിയ മേൽ സൂചിപ്പിച്ച വിജ്ഞാപനത്തിൽ പറയുന്നു. ടി സ്ഥലങ്ങളെല്ലാം മുനിസിപ്പാലിറ്റി റോഡിനോടോ പി.ഡബ്ല്യു.ഡി റോഡിനോടോ ചേർന്ന് ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്നു.

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും നിർമ്മിതികൾ എറ്റവും കുറവ് പദ്ധതി ബാധിതമാകുന്നു എന്നതും സംസ്ഥാനപാതയിൽ നിന്നും ദേശീയ പാതയിലേക്ക് എത്തിച്ചേരാൻ ഏറ്റവും ദൈർഘ്യം കുറഞ്ഞ മാർഗം എന്നതും പരിഗണി ച്ചുകൊണ്ടാണ് നിലവിലെ രൂപരേഖ തീർച്ചപ്പെടുത്തിയിരിക്കുന്നത് എന്ന് അർത്ഥനാ ധികാരി വെളിപ്പെടുത്തി. പദ്ധതിക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ പദ്ധതിപ്രദേശത്ത് ഇല്ല എന്ന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാഫാറത്തിൽ പറയുന്നു.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡ് വികസിപ്പിക്കുന്നതിലൂടെ മൂവാറ്റുപുഴ പട്ടണത്തിൽ നിലവിൽ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾക്ക് ഒരു പരിഹാരമാകും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ എറണാകുളം, ഇടുക്കി, തൊടുപുഴ, കോട്ടയത്തിന്റെ കിഴക്കൻ മേഖല എന്നിവിടങ്ങളിൽ നിന്നുമുള്ള യാത്രക്കാർക്ക് മൂവാറ്റുപുഴ പട്ടണത്തിൽ കടക്കാതെ ബൈപ്പാസിലേക്ക് പ്രവേശിക്കുവാൻ കഴിയും എന്നതിനാൽ യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയു കയും റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. കൂടാതെ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് വഴിതെളിക്കുകയും ചെയ്യും എന്നും പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്നും ഏകദേശം യഥാക്രമം 1.84.86 ഹെക്ടർ സ്ഥലവും 0.12.46

ഹെക്ടർ സ്ഥലവും ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ടി ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. മാറാടി വില്ലേജിലെ സ്ഥലങ്ങളുടെ ഉടമകളായ 52 ഭൂവുടമകളെയും വെള്ളൂർക്കുന്നം വില്ലേജിലെ 1 ഭൂവുടമയെയുമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘത്തിന് കണ്ടെത്തി പഠനം നടത്തുവാൻ കഴിഞ്ഞത്.

മൂവാറ്റുപുഴ ബൈപ്പാസ് റോഡിൻെറ വികസനത്തിന് വേണ്ടി, അതായത് സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്നും ഏറ്റെടു ക്കപ്പെടുന്ന പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് നിരീക്ഷിച്ചതിൻെറയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ തുടർന്ന് വിലയിരുത്തുന്നു.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ***

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാത ങ്ങൾ | കുടുംബങ്ങളുടെ എണ്ണം | വിശദീകരണം |
|---|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/അളവ് കുറയൽ | 53 ഭൂവുടമകൾ | 1 ഭൂവുടമക്ക് പദ്ധതിപ്രദേശത്ത് കൈവശ മായ ഭൂമി പൂർണ്ണമായും നഷ്ടമാകും. 52 ഭൂവുടമകൾക്ക് കൈവശ ഭൂമിയുടെ അളവ് കുറയും. |
| 2 | വീടുകൾപദ്ധതി ബാധിതമാകൽ | 11 ഭൂവുടമകൾ | 3 ഭൂവുടമകൾ വാടകക്ക് നൽകിയിരിക്കുന്ന വീടുകൾ പൂർണ്ണമായും 5 ഭൂവുടമകളുടെ വീടുകൾ ഭാഗികമായും 4 ഭൂവുടമകളുടെ വീടുകൾ ചെറിയ തോതിലും പദ്ധതി ബാധിതമാകും. |

| | | | |
|---|---|---|---|
| | | 1 വാടകക്കാരൻ | പദ്ധതിക്ക് വേണ്ടി പൊളിച്ച് നീക്കേണ്ടിവരുന്ന വീട്ടിൽ 1 കുടുംബം 30 വർഷങ്ങളായി വാടകക്ക് താമസിക്കുന്നു. |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | 17 ഭൂവുടമകൾ | കിണർ (5), കുഴൽകിണർ (6), കാന (1) സെപ്റ്റിക് ടാങ്ക് (4), ഓവർഫ്ലോ ടാങ്ക് (1) ശൗചാലയം (3), കുളം(1), 110 കെ.വി ട്രാൻസ്ഫോർമർ (1), വൈദ്യുതി തൂൺ(1), പാർക്കിങ്ങ് (4) പ്രവേശനം/വഴി (3) |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതിബാധിതമാകൽ | 37 ഭൂവുടമകൾ | 1 ഭൂവുടമയുടെ കമ്പനി പ്രവർത്തിക്കുന്ന കെട്ടിടം, ചുറ്റുമതിൽ (5), ചവിട്ടുപടി (1) ഗേറ്റ് (3), ചുറ്റുമതിലും ഗേറ്റും(30), ഷെഡ് (6), തറ (2) കയ്യാലഭിത്തി (1) |
| 5 | കൃഷി നഷ്ടമാകൽ | 18 ഭൂവുടമകൾ | തെങ്ങ്, വാഴ, കവുങ്ങ്, റബ്ബർ, പൈനാപ്പിൾ പച്ചക്കറി മുതലായവ |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | 9 ഭൂവുടമകൾ | 2 ഭൂവുടമകൾക്ക് കൃഷി നഷ്ടമാകുന്നു, 5 പേർക്ക് പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ നിന്ന് ലഭിക്കുന്ന വാടക നഷ്ടമാകുന്നു, 1 ഭൂവുടമ നടത്തുന്ന കമ്പനി നഷ്ടമാകുന്നു. |
| | | 5 വാടകക്കാർ ഏകദേശം 19 തൊഴിലാളികൾ | 5 വ്യക്തികൾ പദ്ധതിബാധിത പ്രദേശത്ത് വാടകക്ക് പ്രവർത്തിക്കുന്നു. വാടകക്ക് പ്രവർത്തിക്കുന്ന 3 സ്ഥാപനങ്ങളിലും 1 ഉടമയുടെ സ്ഥാപനത്തിലു തൊഴിലാളികളുണ്ട് |
| 7 | വരുമാനം നഷ്ടമാകൽ | 17 ഭൂവുടമകൾ | പദ്ധതിബാധിതമാകുന്ന കൃഷിയിൽ നിന്നു (15), വാടകയിനത്തിലുള്ള വരുമാനം (1) വാടകയും കൃഷിയും (1) |
| 8 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ പ്രവേശനമാർഗം നഷ്ടമാകൽ | 43 ഭൂവുടമകൾ | 43 ഭൂവുടമകൾക്ക് തങ്ങളുടെ വസ്തുവകകളിലേക്ക് പ്രവേശനവും പാർക്കിങ്ങ് സൗകര്യവും നഷ്ടമായേക്കാം. |
| 9 | പദ്ധതിബാധിതമാകുന്ന അവശ്യ സൗകര്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലത്തിൻെറ അപര്യാപ്തത | 4 ഭൂവുടമകൾ | പദ്ധതിബാധിതമാകുന്ന 3 കിണറുകൾ, 1 സെപ്റ്റിക് ടാങ്ക് എന്നിവ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ല. |
| 10 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന | 4 ഭൂവുടമകൾ | ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് മതിയാകില്ല |

| | | | |
|---|---|---|---|
| | സ്ഥലം | | |
| 9 | ആരോഗ്യപ്രശ്നങ്ങൾ/ അപകട സാധ്യതകൾ | | നിർമ്മാണഘട്ടത്തിൽ പൊടിശല്ല്യം ശബ്ദമലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 10 | പരിസരമലിനീകരണം | | നിർമ്മാണമാലിന്യങ്ങൾ മൂലം |
| 11 | വൃക്ഷങ്ങൾ നഷ്ടമാകൽ | 35 ഭൂവുടമകൾ | തെങ്ങ്, കവുങ്ങ്, തേക്ക്, ജാതി, മാവ്, പ്ലാവ് തുടങ്ങി ധാരാളം വൃക്ഷങ്ങൾ |

നിർദ്ദിഷ്ട പദ്ധതിയുടെ ആദ്യഘട്ടമായി വെള്ളൂർക്കുന്നം വില്ലേജിൽ മുറിക്കല്ല് പാലവും റോഡും നിർമ്മിച്ചപ്പോൾ പ്രദേശത്തെ ശ്രീ.സന്തോഷ്കുമാറിൻെറ വീടിന് കേടുപാടുകൾ സംഭവിച്ചതായും ആയതിന് ഇതുവരെയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്നും പഠന സംഘം പദ്ധതിപ്രദേശം സന്ദർശിച്ചപ്പോൾ പ്രസ്തുത കുടുംബം അറിയിച്ചു. നിലവിലെ ഭൂമി ഏറ്റെടുക്കൽ പദ്ധതിയിൽ ഉൾപ്പെടുന്നില്ല എങ്കിലും സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസനപദ്ധതിയുടെ പ്രത്യാഘാതമാണ് ഇത് എന്ന് പഠനസംഘം മനസിലാക്കുന്നു.

**കുറിപ്പ്:** *മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.*

### 1.6. ലഘൂകരണ നടപടികൾ

മൂവാറ്റുപുഴ ബൈപ്പാസ് റോഡിൻെറ വികസനത്തിന് വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017

തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 5 | കൃഷി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 7 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 8 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| 9 | പദ്ധതിബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് അവ ശേഷിക്കുന്ന സ്ഥലത്തിന്റെ അപര്യാപ്തത | അവശ്യസൗകര്യങ്ങൾ നിലനിർത്തുന്നതിന് സാധ്യമായ പരിഗണന |
| 10 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | നിജസ്ഥിതി പരിശോധിച്ച് ഏറ്റെടുക്കലിന് പരിഗണിക്കുക |
| 11 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ |

| | | |
|---|---|---|
| | ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/അപകടസാധ്യതകൾ | ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻ കരുതലുകൾ സ്വീകരിക്കണം |
| 12 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 13 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

മേൽ വിവരിച്ച ലഘൂകരണനടപടികളോടൊപ്പം മുറിക്കല്ല് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശത്തെ ഒരു വീടിന് സംഭവിച്ച കേടുപാടുകൾക്കുള്ള നഷ്ടപരിഹാരം കൂടി പരിഗണിക്കേണ്ടതാണ്

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

**2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം**

മൂവാറ്റുപുഴ ബൈപ്പാസ് റോഡിൻെറ വികസനത്തിന് വേണ്ടി 355 ലക്ഷം രൂപയുടെ ഭരണാനുമതി GO(Rt)No.570/2013/PWD കേരളസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മൂവാറ്റുപുഴ ആറിന് കുറുകെ മുറിക്കല്ല് പാലം നിർമ്മിക്കുന്നതിന് 12.5 ലക്ഷം രൂപ യുടെ ഭരണാനുമതിയും GO(Rt)No.1692/2012/PWD നൽകിയിട്ടുണ്ട്. എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ 2.270 കിലോമീറ്റർ നീളത്തിൽ ബൈപാസ് റോഡിൻെറ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമായ് സർവ്വെ പൂർത്തീകരിച്ച് രൂപരേഖ അന്തിമമാക്കി. മുറിക്കല്ല് പാലത്തിൻെറ നിർമ്മാണം 14/07/2017 ൽ പൂർത്തീകരിച്ചു കൂടാതെ ചെയിനേജ് 1.870 മുതൽ ചെയിനേജ് 2.270 വരെ റോഡ് നിർമ്മാണം WMM ലെവൽ വരെ പൂർത്തീകരിച്ചു. അവശേഷിക്കുന്ന നിർമ്മാണത്തിനുള്ള ഭൂമിഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

കേരള സർക്കാർ 2001 ൽ കേരള റോഡ് ഫണ്ട് നിയമ പ്രകാരം രൂപീകരിച്ച കേരള റോഡ് ഫണ്ട് ബോർഡാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്. കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിൻെറ ബഡ്ജറ്റ് ഇതര ഫണ്ടുകളുടെ മേൽനോട്ടം വഹിക്കു ന്നതിനും കൈകാര്യം ചെയ്യുന്നതിനും സംസ്ഥാനത്തിലെ റോഡുകളും മറ്റ് ഇതര സൗക ര്യങ്ങളും വികസിപ്പിക്കുന്നതിനുമായി അത്തരം ഫണ്ടുകൾ സംഘടിപ്പിക്കുന്നതിനും വേണ്ടി യാണ് പ്രാഥമികമായി കേരള റോഡ് ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച്. നമ്പർ 1, കാക്കനാട് ആയിരിക്കും.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഫാറം നമ്പർ 2 ൽ അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം അനുസരിച്ച് പദ്ധതിക്ക് വേണ്ടി മാറാടി വില്ലേജിൽ നിന്ന് ഏകദേശം 1.84.86 ഹെക്ടർ സ്ഥലവും വെള്ളൂർക്കുന്നം വില്ലേജിൽ നിന്ന് ഏകദേശം 0.12.46 ഹെക്ടർ സ്ഥലവുമാണ് ഏറ്റെടുക്കേണ്ടത്.

മൂവാറ്റുപുഴ നഗരത്തിലെ സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ 2.270 കിലോമീറ്റർ നീളത്തിൽ മൂവാറ്റുപുഴ ബൈപ്പാസ് റോഡിൻെറ വികസനമാണ് നിർദ്ദിഷ്ട പദ്ധതി. മൂവാറ്റുപുഴ പട്ടണത്തിൽ നിലവിൽ അനുഭവപ്പെട്ട് കൊണ്ടിരിക്കുന്ന ഗതാഗതകുരുക്ക് പരിഹരിച്ച് പ്രദേശത്തിൻെറ ഗതാഗതം സുഗമമാക്കൽ, പ്രദേശത്തിൻെറ സമഗ്രവികസനം തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിർദ്ദിഷ്ട റോഡിൻെറ രൂപരേഖ 27.05.2014 ൽ ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) അന്തിമമാക്കി. 2.270 കി.മീറ്റർ നീളത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മൂവാറ്റുപുഴ ബൈപാസ് റോഡ് സംസ്ഥാനപാത 1 ലെ എം.സി.റോഡിൽ ചെയിനേജ് 206 ൽ ആരംഭിച്ച് 0.610 കിലോമീറ്റർ ദൂരത്തിൽ മൂവാറ്റുപുഴ അഞ്ചൽപെട്ടി റോഡിലൂടെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി റോഡിൽ പ്രവേശിച്ച് ചെയിനേജ് 1.636ൽ നിർമ്മിച്ചിട്ടുള്ള മുറിക്കല്ല് പാലം കടന്ന് 0.400 കിലോമീറ്റർ ദൂരത്തിൽ വെള്ളൂർകുന്നം വില്ലേജിലൂടെ ദേശീയ പാത 85 ലെ ചെയിനേജ് 2.270 ആയ കടാതിയിൽ എത്തിച്ചേരുന്നു. മുറിക്കല്ല് പാലത്തിൻെറ നിർമ്മാണവും ചെയിനേജ് 1.870 മുതൽ ചെയിനേജ് 2.270 വരെ റോഡ് നിർമ്മാണം WMM ലെവൽ വരെയും 2017 ൽ

പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ പദ്ധതി രേഖയിൽ പദ്ധതിയുടെ ആകെ ചെലവായി 50 കോടി രൂപയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിൽ 35 കോടി രൂപ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വേണ്ടിയും 15 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയും കണക്കാക്കിയിരിക്കുന്നു. മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസനത്തിന് വേണ്ടി 355 ലക്ഷം രൂപയുടെ ഭരണാനുമതി GO(Rt)No.570/2013/PWD കേരളസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മൂവാറ്റുപുഴ ആറിന് കുറുകെ മുറിക്കല്ല് പാലം നിർമ്മിക്കുന്നതിന് 12.5 ലക്ഷം രൂപയുടെ ഭരണാനുമതിയും GO(Rt)No.1692/2012/PWD നൽകിയിട്ടുണ്ട്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പദ്ധതിക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ പദ്ധതിപ്രദേശത്ത് ഇല്ല എന്ന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാഫാറത്തിൽ പറയുന്നു. നിലവിലെ രൂപരേഖ കൂടുതലും നിർമ്മിതികൾ ഇല്ലാത്ത സ്ഥലത്തു കൂടെയാണ് കടന്ന് പോകുന്നത് എന്നതിനാലും കുടുംബങ്ങൾക്ക് വളരെ കുറവ് പ്രത്യാഘാതമാണ് ഉണ്ടാകുക എന്നതിനാലും ഇതര മർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിയുടെ ആദ്യഘട്ടമായ് സർവ്വെ പൂർത്തീകരിച്ച് രൂപരേഖ അന്തിമമാക്കി. മുറിക്കല്ല് പാലത്തിൻെറ നിർമ്മാണം 14/07/2017 ൽ പൂർത്തീകരിച്ചു കൂടാതെ ചെയിനേജ് 1.870 മുതൽ ചെയിനേജ് 2.270 വരെ റോഡ് നിർമ്മാണം WMM ലെവൽ വരെ പൂർത്തീകരിച്ചു. അവശേഷിക്കുന്ന നിർമ്മാണത്തിനുള്ള ഭൂമിഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

വിശദമായ പദ്ധതിരേഖയിൽ നൽകിയിരിക്കുന്ന പദ്ധതിയുടെ രൂപരേഖയുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടർന്ന് നൽകുന്നു

ഇന്ത്യൻ സ്റ്റാൻഡേർഡ് കോൺഗ്രസ് (IRC), ഇന്ത്യൻ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻസ് (IS), മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേയ്സ് (MoRTH) എന്നിവ അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ദൂരം, ഭൂപ്രദേശം, ഭൂമിയുടെ ഉപയോഗം, ഫില്ലിങ്ങ്

വേണ്ടിവരുന്ന ഉയരം, കുഴിക്കേണ്ടതിന്റെ ആഴം, നിലവിലുള്ള വഴിയുടെയും ജലസ്രോതസുകളുടെയും വിസ്തൃതി, ജ്യാമിതീയമായ കുറവുകളും സൗകര്യങ്ങളും എന്നീ പ്രത്യേകതകൾ പദ്ധതി രൂപരേഖ തയ്യാറാക്കിയപ്പോൾ പരിഗണിച്ചിരുന്നു.

നിർദ്ദിഷ്ട റോഡിന്റെ നിർമ്മാണം 4 വരി പാതയായിട്ടാണ് ഉദ്ദേശിക്കുന്നത്. വലത് വശത്ത് 20മീറ്റർ വീതിയിൽ നടപാതയും ഇരുവശങ്ങളിലും 2.5 മീറ്റർ ഡ്രെയിനേജും ഉണ്ടായിരിക്കും. ചെയിനേജ് 1.350 മുതൽ ചെയിനേജ് 1.600 വരെ നിർദ്ദിഷ്ട റോഡ് കടന്ന് പോകുന്നത് താഴ്ന്ന നിലങ്ങളിലൂടെയായതിനാൽ ടി സ്ഥലങ്ങളിൽ ഇരുവശ ങ്ങളിലും ഗാബിയോൺ കായൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കും. 1.350 ചെയിനേ ജിലുള്ള കുളത്തിനുമുകളിലായി ഒറ്റ സ്പാനിൽ ഒരു ചെറിയ പാലത്തിന്റെ നിർമ്മാണം ഉദ്ദേശിക്കുന്നു. താഴ്ന്ന നിലത്തിലൂടെ കടന്ന് വരുന്നിടത്ത് ബോക്സ് കൾവേർട്ട് ഉണ്ടായിരിക്കും. മുറിക്കല്ല് പാലത്തിന്റെ നിർമ്മാണവും ചെയിനേജ് 1.870 മുതൽ ചെയിനേജ് 2.270 വരെ റോഡ് നിർമ്മാണം WMM ലെവൽ വരെയും 2017 ൽ പൂർത്തീകരിച്ചിട്ടുണ്ട്.

### 2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് നിലവിലുള്ള വൈദ്യുതി തൂണുകൾ, ടെലിഫോൺ തൂണുകൾ, ട്രാൻസ്ഫോർമർ എന്നിവ മാറ്റി സ്ഥാപി ക്കേണ്ടതുണ്ട്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗതം തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

### 2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ പ്രൊജക്ട് മാനേജ്മെന്റ് വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ബാഹ്യ കൺസൾ ട്ടൻസി ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ

സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി താഴെ പറയുന്ന പഠനങ്ങൾ നടത്തിയതായി പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ വെളിപ്പെടുത്തിയിരിക്കുന്നു

- ട്രാഫിക് സർവെ
- ടോപ്പോഗ്രഫിക് സർവെ
- മണ്ണ് പരിശോധന
- പരിസ്ഥിതി/സാമുഹ്യ-സാമ്പത്തിക പാരാമീറ്ററുകൾ ഉൾക്കൊള്ളുന്ന ചോദ്യാവലി ഉപയോഗിച്ച് പൊതുജനാഭിപ്രായ ശേഖരണം

പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച് നടത്തികൊണ്ടിരിക്കുന്ന കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്.

### 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസനത്തിന് വേണ്ടി അതായത് സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മാറാടി വില്ലേജിലെ 58 സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 1.84.86 ഹെക്ടർ സ്ഥലവും വെള്ളൂർക്കുന്നം വില്ലേജിലെ സർവ്വെ നമ്പർ 522/16-3ൽ നിന്നും ഏകദേശം 0.12.46 ഹെക്ടർ സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു

❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(MS)No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം
- ❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3
# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപ്പാസ് റോഡിന്റെ വികസനത്തിന് വേണ്ടി മാറാടി വില്ലേജിലെ 58 സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 1.84.86 ഹെക്ടർ സ്ഥലവും വെള്ളൂർക്കുന്നം വില്ലേജിലെ സർവ്വെ നമ്പർ 522/16-3ൽ നിന്നും ഏകദേശം 0.12.46 ഹെക്ടർ സ്ഥലവും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന്റെ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് എറണാകുളം ജില്ലാ കളക്ടർ 2021 ഡിസംബർ 10 തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ C1-5068/2021/DCEKM, 2021 ഡിസംബർ 13 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3617 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിന്റെ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ- സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 13 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്. പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 2 | Dr. Fr. സാജു എം. ഡി | എം.ഫിൽ , പി.എച്ച്.ഡി.. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 3 | Fr. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യൂ, എം.ഫിൽ കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 5 | മരിയ ടെൻസി വി.എസ്. | എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ലിൻഡ ചാക്കോ | എം.എ, ഡി.എസ്.എസ് റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 17 വർഷത്തെ പ്രവർത്തന പരിചയം |
| 8 | കെസിയമോൾ മാത്യു | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 3 മാസം പ്രവർത്തന പരിചയം |
| 11 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 34 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 12 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 28 വർഷത്തെ പ്രവർത്തന പരിചയം |
| 13 | ഇന്ദിര വി. വി.. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |

**3.2.പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും**

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാ ഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാ ഘാത വിലയിരുത്തൽ പഠനത്തിന്റെ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബ ങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടു ക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്ത മായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊ ള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാരീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 20.12.2021 തീയതിയിൽ പദ്ധതിപ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി

പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമിഏറ്റെടു ക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് പദ്ധതിബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തിയും ടെലിഫോണിൽ ബന്ധപ്പെട്ടും ടി ചോദ്യാവലി ഉപയോ ഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡിൻെറ തൊടുപുഴയിലുള്ള കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നമ്പർ-1, കാക്കനാട് കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടു ക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തി നുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു.

- മൂവാറ്റുപുഴ എം.എൽ.എ ശ്രീ.മാത്യു കുഴൽനാടൻ, കേരള റോഡ് ഫണ്ട് ബോർഡ് ഉദ്യോഗസ്ഥർ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നമ്പർ-1, കാക്കനാട് കാര്യാലയത്തിലെ ഉദ്യോഗസ്ഥർ എന്നിവരുമായ് കൂടികാഴ്ച്ച
- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച രേഖകളുടെ പഠനം
- അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെയും റിപ്പോർട്ടുകളുടെയും പഠനം
- ലഭിച്ച വിവരങ്ങളുടെ വിശകലനം
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കൽ

- പബ്ലിക് ഹിയറിങ് ആസൂത്രണം

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതിപ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതിബാധിതരാകുന്ന 53 കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന രേഖ തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നുമാണ് പഠനസംഘം പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്

- പദ്ധതി പ്രദേശ സന്ദർശനവും നിരീക്ഷണവും
- മൂവാറ്റുപുഴ എം.എൽ.എ ശ്രീ.മാത്യു കുഴൽനാടനുമായ് അഭിമുഖം
- പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ.

അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡിൻെറ തൊടുപുഴയിലുള്ള കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നമ്പർ–1, കാക്കനാട് കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

### 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം താഴെ നൽകിയിരിക്കുന്നു :

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- മൂവാറ്റുപുഴ എം.എൽ.എ ശ്രീ.മാത്യു കുഴൽനാടൻ, കേരള റോഡ് ഫണ്ട് ബോർഡ് ഉദ്യോഗസ്ഥർ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നമ്പർ–1, കാക്കനാട് കാര്യാലയത്തിലെ ഉദ്യോഗസ്ഥർ എന്നിവരുമായി കൂടികാഴ്ച്ച
- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട്രേഖ തയ്യാറാക്കൽ
- പബ്ലിക് ഹിയറിങ്ങ് ആസൂത്രണം

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

**4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം**

സംസ്ഥാനപാത 1 ലെ എം.സി (മെയിൻ സെൻട്രൽ) റോഡ് 130 ജംഗ്ഷൻ മുതൽ മൂവാറ്റുപുഴ അഞ്ചൽപെട്ടി റോഡിലൂടെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി റോഡിൽ പ്രവേശിച്ച് മാറാടി വില്ലേജിലെ സ്വകാര്യ സ്ഥലങ്ങളിലൂടെ മൂവാറ്റുപുഴ ആറിനു കുറുകെ നിർമ്മിച്ചിട്ടുള്ള മുറിക്കല്ല് പാലം കടന്ന് വെള്ളൂർക്കുന്നം വില്ലേജിലൂടെ 0.400 കിലോമീറ്റർ കടന്ന് ദേശീയ പാത 85 ലെ ചെയിനേജ് 2.270 ലെ കടാതി വരെയാണ് നിർദ്ദിഷ്ട പദ്ധതിപ്രദേശം. പ്രസ്തുത പ്രദേശങ്ങൾ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 18,19,20,23 ഡിവിഷനുകളിൽ ഉൾപ്പെടുന്നു. മാറാടി വില്ലേജിലെ സ്ഥലങ്ങളെല്ലാം മുനിസിപ്പാലിറ്റി റോഡിനോടോ പി.ഡബ്ല്യു.ഡി റോഡിനോടോ ചേർന്ന് ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്നു. വെള്ളൂർക്കുന്നം വില്ലേജിൽ നിന്ന് നിലവിൽ ഏറ്റെടുക്കുന്ന സ്ഥലം എൻ.എച്ച് 85 ൻെറ മുൻവശത്തായി സ്ഥിതി ചെയ്യുന്നു. പദ്ധതി പ്രദേശം പ്രധാനമായും കുടുംബങ്ങൾ താമസത്തിനും കൃഷിക്കും ഉപയോഗിക്കുന്ന സ്ഥലങ്ങളാണ്.

**4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം**

മൂവാറ്റുപുഴ നഗരത്തിലെ സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ 2.270 കിലോമീറ്റർ നീളത്തിൽ മൂവാറ്റുപുഴ ബൈപ്പാസ് റോഡിൻെറ വികസനമാണ് നിർദ്ദിഷ്ട പദ്ധതി. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളെ ബന്ധിപ്പിക്കുന്ന 3 പ്രധാന റോഡുകളായ ദേശീയ പാത 85, സംസ്ഥാന പാത 41, സംസ്ഥാന പാത 1 എന്നിവ കൂടിചേരുന്ന മൂവാറ്റുപുഴ പട്ടണത്തിൽ നിലവിൽ അനുഭവപ്പെട്ട് കൊണ്ടിരിക്കുന്ന ഗതാഗതകുരുക്ക് പരിഹരിച്ച് പ്രദേശത്തിൻെറ ഗതാഗതം സുഗമമാക്കൽ, പ്രദേശത്തിൻെറ സമഗ്രവികസനം തുടങ്ങി യവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിർദ്ദിഷ്ട പ്രദേശത്ത് മൂവാറ്റുപുഴ ആറിന് കുറുകെ മുറിക്കല്ല് പാലത്തിൻെറ നിർമാണം 14.07.2017ൽ പൂർത്തിയാക്കിയിട്ടുണ്ട് എങ്കിലും അനുബന്ധറോഡ് വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഉപയോഗ

ശൂന്യമായി കിടക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ എറണാകുളം, ഇടുക്കി, തൊടുപുഴ, കോട്ടയത്തിന്റെ കിഴക്കൻ മേഖല എന്നിവിടങ്ങളിൽ നിന്നുമുള്ള യാത്രക്കാർക്ക് മൂവാറ്റുപുഴ പട്ടണത്തിൽ കടക്കാതെ ബൈപാസിലേക്ക് പ്രവേശിക്കുവാൻ കഴിയും എന്നതിനാൽ യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയും കൂടാതെ റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും.

മൂവാറ്റുപുഴയിൽ നിന്ന് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലേക്കും തിരിച്ചുമുള്ള യാത്ര സുഗമമാക്കുന്നതിലൂടെ പദ്ധതി പ്രദേശത്തിന്റെ സമഗ്രമായ വികസനം സാധ്യമാക്കും എന്ന് മാത്രമല്ല വിവിധ ജില്ലകളിൽ നിന്നുമുള്ള യാത്രക്കാർക്ക് പദ്ധതി പ്രയോജനപ്രദമാകുകയും ചെയ്യും. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ടി ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡിനുവേണ്ടി M/S. ജി.എസ്.ഇൻഫ്രാസ്ട്രക്ച്ചർ, എറണാകുളം തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയിൽ ഏകദേശം 2.27 കിലോമീറ്റർ നീളത്തിൽ 4 വരി പാതയായിട്ടാണ് നിർദ്ദിഷ്ട റോഡ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തിയിരിക്കുന്നു. വെള്ളൂർക്കുന്നം വില്ലേജിലെ അവശേഷിക്കുന്ന റോഡ് നിർമ്മാണത്തിനു വേണ്ടി ഏകദേശം 0.1246 ഹെക്ടർ സ്ഥലവും എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ മുറിക്കല്ല് പാലം വരെയുള്ള റോഡ് നിർമ്മാണത്തിന് ഏകദേശം1.84.86 ഹെക്ടർ സ്ഥലവുമാണ് ആവശ്യമായി വരുന്നതെന്ന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രത്തിൽ പറയുന്നു. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പ്രദേശവാസികൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ ഒന്നും ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് ഇല്ല.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

പദ്ധതിയുടെ അവസാന ഇടം ആയ കടാതിയിലെ ഏകദേശം 400 മീറ്റർ റോഡിനുള്ള സ്ഥലം ഒഴിച്ച് മുറിക്കല്ല് പാലം മുതൽ അതായത് ചെയിനേജ് 1.870 മുതൽ ചെയിനേജ് 2.270 വരെ സ്ഥലം ഏറ്റെടുക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

2021 ഡിസംബർ 13 തിയ്യതിയിലെ കേരള ഗസറ്റ് നമ്പർ 3617 ൽ പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാകളക്ടറുടെ 2021 ഡിസംബർ 10 തീയതിയിലെ വിജ്ഞാപനം നമ്പർ C1-5068/2021/DCEKM പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസനത്തിന് വേണ്ടി മാറാടി വില്ലേജിലെ 58 സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 1.84.86 ഹെക്ടർ സ്ഥലവും വെള്ളൂർക്കുന്നം വില്ലേജിലെ സർവ്വെ നമ്പർ 522/16-3ൽ നിന്നും ഏകദേശം 0.12.46 ഹെക്ടർ സ്ഥലവുമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. നാളത് ഭൂസ്ഥിതി പ്രകാരം മാറാടി വില്ലേജിലെ 58 സർവ്വെനമ്പറുകളിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ 25 നിലം നികർത്ത്, 32 പുരയിടം, 1 നിലം വിഭാഗങ്ങളിലും വെള്ളൂർക്കുന്നം വില്ലേജിൽ നിന്നും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം നിലം നികർത്ത് വിഭാഗത്തിലും ഉള്ളതാണെന്ന് ടി വിജ്ഞാപനത്തിൽ വെളിപ്പെടുത്തുന്നു.

സംസ്ഥാനപാത 1 ലെ എം.സി (മെയിൻ സെൻട്രൽ) റോഡ് 130 ജംഗ്ഷൻ മുതൽ മൂവാറ്റുപുഴ അഞ്ചൽപെട്ടി റോഡിലൂടെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി റോഡിൽ പ്രവേശിച്ച് മാറാടി വില്ലേജിലെ സ്വകാര്യ സ്ഥലങ്ങളിലൂടെ മൂവാറ്റുപുഴ ആറിനു കുറുകെ

നിർമ്മിച്ചിട്ടുള്ള മുറിക്കല്ല് പാലം കടന്ന് വെള്ളൂർക്കുന്നം വില്ലേജിലൂടെ 0.400 കിലോമീറ്റർ കടന്ന് ദേശീയ പാത 85 ലെ ചെയിനേജ് 2.270 ലെ കടാതി വരെയാണ് നിർദ്ദിഷ്ട പദ്ധതിപ്രദേശം. മാറാടി വില്ലേജിലെ സ്ഥലങ്ങളെല്ലാം മുനിസിപ്പാലിറ്റി റോഡിനോടോ പി.ഡബ്ല്യു.ഡി റോഡിനോടോ ചേർന്ന് ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്നു. വെള്ളൂർക്കുന്നം വില്ലേജിൽ നിന്ന് നിലവിൽ ഏറ്റെടുക്കുന്ന സ്ഥലം എൻ.എച്ച് 85 ൻെറ മുൻവശത്തായി സ്ഥിതി ചെയ്യുന്നു. പദ്ധതി പ്രദേശം പ്രധാനമായും കുടുംബങ്ങൾ താമസത്തിനും കൃഷിക്കും ഉപയോഗിക്കുന്ന സ്ഥലങ്ങളാണ്.

### 4.7.ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെനമ്പറുകളുടെ 53 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ടി ഉടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് പദ്ധതിബാധിത സ്ഥലങ്ങൾ ഏതേത് വിഭാഗത്തിൽ പെടുന്നു എന്ന് ചിത്രം 4.7.1. ൽ കാണിച്ചിരിക്കുന്നു

**ചിത്രം.4.7.1. : പദ്ധതിബാധിത ഭൂമിയുടെ തരം**



സർവ്വെയിൽ പങ്കെടുത്ത 36 ഭൂവുടമകൾ തങ്ങളുടെ സ്ഥലം പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും 10 ഭൂവുടമകളുടേത് നിലം വിഭാഗത്തിലും 3 ഭൂവുടമകളുടേത് നിലം നികർത്ത് വിഭാഗത്തിലും ഉൾപ്പെടുന്നതായി അറിയിച്ചു. 3 ഭൂവുടമകളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചിട്ടില്ല.

**ചിത്രം.4.7.2. : പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**




പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 24 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, 15 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്കും, 5 ഉടമകളുടെ സ്ഥലങ്ങൾ കച്ചവട ആവശ്യത്തിനും, 5 ഉടമകളുടെ സ്ഥല ങ്ങൾ കുടുംബങ്ങളുടെ താമസത്തിനും കൃഷിക്കുമായും ഉപയോഗിക്കുന്നു. 4 ഉടമകളുടെ സ്ഥലങ്ങൾ തരിശ് ഭൂമിയാണ്.

ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ 20 ഉടമകളുടെ സ്ഥലങ്ങളിലാണ് നിലവിൽ കൃഷിയു ള്ളത്. പ്രധാനമായും തെങ്ങ്, കവുങ്ങ്, മാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ, വാഴ കൃഷി, പച്ചക്കറി കൃഷി, റബ്ബർ, പൈനാപ്പിൾ തുടങ്ങിയവയാണ് ഇവിടെ കൃഷി ചെയ്യുന്നത്. അതാത് സ്ഥലങ്ങളിൽ തന്നെയുള്ള കിണർ, കുഴൽ കിണർ, കുളം തുടങ്ങിയ ജലസ്രോതസ്സുകളിൽ നിന്നുള്ള ജലമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്.

**4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള 48 സ്ഥലങ്ങൾ ഉടമയുടെ വ്യക്തിഗത ഉടമസ്ഥതയിലുള്ളതും 5 സ്ഥലങ്ങൾ കൂട്ടുടമസ്ഥതയിലുള്ളതുമാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ 27 ഉടമകൾ ടി സ്ഥലങ്ങൾ വിവിധ കാലയളവുകളിലായി വാങ്ങിയതും 23 ഉടമകൾക്ക് തങ്ങളുടെ പൂർവ്വികരിൽ നിന്നും കൈവശമായതുമാണ്. 3 ഉടമകളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചിട്ടില്ല.

**ചിത്രം 4.8.1. ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ്**




പദ്ധതിബാധിതരാകുന്ന ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് ചിത്രം 4.8.1 ൽ ചിത്രീകരിച്ചിരിക്കുന്നു. 8 ഉടമകൾക്ക് കൈവശമായ ഭൂമിയുടെ അളവ് 10 സെൻറിൽ താഴെയാണ്. 10 സെൻറിനും 25 സെൻറിനും ഇടയിലും, 25 സെൻറിനും 50 സെൻറിനും ഇടയിലും, 50 സെൻറിനും 1 ഏക്കറിനും ഇടയിലും സ്ഥലം കൈവശമായിട്ടുള്ള 11 ഉടമകൾ വീതമുണ്ട്. 7 ഉടമകൾക്ക് 1 ഏക്കറിനും 2 ഏക്കറിനും ഇടയിൽ സ്ഥലമുണ്ട്. 5 ഉടമകളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചില്ല.

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ 29 ഉടമകളാണ് പ്രസ്തുത സ്ഥലം താമസത്തിനായി ഉപയോഗിക്കുന്നത്. ഇതിൽ 11 വീടുകൾ പദ്ധതിബാധിതമാകുന്നുണ്ട്. പദ്ധതി ബാധിത മാകുന്ന വീടുകളുടെ വിവരങ്ങൾ പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 പദ്ധതിബാധിതമാകുന്ന വീടുകൾ**

| *ക്രമനമ്പർ* | *ഉടമയുടെ പേര്* | *ആഘാതം* | *വിവരണം* |
|---|---|---|---|
| 1 | ജോൺ പി.വി | പൂർണ്ണം | വാടകയ്ക്ക് നൽകിയിരിക്കുന്നു |
| 2 | എൻ.ജെ.കുരിയാക്കോസ് | പൂർണ്ണം | വാടകയ്ക്ക് നൽകിയിരിക്കുന്നു |
| 3 | പൈലി മത്തായി | പൂർണ്ണം | വാടകയ്ക്ക് നൽകിയിരിക്കുന്നു |
| 4 | എം.പി.ചെറിയാൻ | ഭാഗികം | കുടുംബം താമസിക്കുന്നു |
| 5 | കെ.സി.ജോർജ് | ഭാഗികം | കുടുംബം താമസിക്കുന്നു |
| 6 | പി.എ.ജോസ് | ഭാഗികം | കുടുംബം താമസിക്കുന്നു |
| 7 | മഞ്ജുഭാഷിണി | ഭാഗികം | കുടുംബം താമസിക്കുന്നു |
| 8 | അനസൂയ ദേവി | ചെറിയ തോതിൽ | കുടുംബം താമസിക്കുന്നു |
| 9 | എൻ.വി.ജോർജ് | ചെറിയ തോതിൽ | കുടുംബം താമസിക്കുന്നു |
| 10 | രാജീവ് പി.കെ | ചെറിയ തോതിൽ | കുടുംബം താമസിക്കുന്നു |
| 11 | ലോയ്ഡ് ജോർജ് | ചെറിയ തോതിൽ | കുടുംബം താമസിക്കുന്നു |

**4.9.കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ 1 ഭൂവുടമയുടേത് ഒഴിച്ച് യാതൊന്നിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല. മാറാടി വില്ലേജിലെ സർവ്വെ നമ്പർ 389/4-5 ലളിതയിൽ നിന്ന് രാജു ചാക്കോക്ക് പോക്ക് വരവ് ചെയ്തിട്ടുണ്ട്

പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 24 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, 15 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്കും, 5 ഉടമകളുടെ സ്ഥലങ്ങൾ കച്ചവട ആവശ്യത്തിനും, 5 ഉടമകളുടെ സ്ഥല ങ്ങൾ കുടുംബങ്ങളുടെ താമസത്തിനും കൃഷിക്കുമായും ഉപയോഗിക്കുന്നു. 4 ഉടമകളുടെ സ്ഥലങ്ങൾ തരിശ് ഭൂമിയാണ്.

# അദ്ധ്യായം – 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപ്പാസ് റോഡിൻെറ വികസനത്തിന് വേണ്ടി മാറാടി വില്ലേജിലെ 58 സർവ്വെ നമ്പറുകളിൽ നിന്ന് ഏകദേശം 1.84.86 ഹെക്ടർ ഭൂമിയും വെള്ളൂർക്കുന്നം വില്ലേജിലെ സർവ്വെ നമ്പർ 522/16-3ൽ നിന്നും ഏകദേശം 0.12.46 ഹെക്ടർ ഭൂമിയും ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവ നത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാനസൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസനത്തിന് വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായി പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുണ്ടെന്ന് മനസിലാക്കുന്നു.

#### *5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ ( ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

എറണാകുളം ജില്ലാ കളക്ടർ 2021 ഡിസംബർ 10 തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ C1-5068/2021/DCEKM, 2021 പ്രകാരം സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസനത്തിന് വേണ്ടി മാറാടി വില്ലേജിലെ 58 സർവ്വെ

നമ്പറുകളിൽ നിന്നും ഏകദേശം 1.84.86 ഹെക്ടർ സ്ഥലവും വെള്ളൂർക്കുന്നം വില്ലേജിലെ സർവ്വെ നമ്പർ 522/16–3ൽ നിന്നും ഏകദേശം 0.12.46 ഹെക്ടർ സ്ഥലവുമാണ് നിലവിൽ ഏറ്റെടുക്കുന്നത്. പ്രസ്തുത സ്ഥലങ്ങളുടെ ഉടമകളായ 53 കുടുംബങ്ങളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘത്തിന കണ്ടെത്തുവാൻ കഴിഞ്ഞത്. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു

***പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ***

| ക്രമ നമ്പർ | ഉടമയുടെ പേര് | സർവ്വെ നമ്പർ | ഉണ്ടാകുവാനിടയുള്ളനഷ്ടങ്ങൾ |
|---|---|---|---|
| 1 | ജോർജ്ജ് ജോസഫ് | 388/1 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് (3 ഫാൻസിലൈറ്റ്സ്), മാവ് 1 |
| 2 | ലോയിഡ് ജോർജ്ജ് | 389/4–5 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, പേര 1,കാർ പാർക്കിങ്ങ്ഷെഡ്, പദ്ധതി നിർവ്വഹണത്തിനു ശേഷം പ്രവേശനം നഷ്ടമായേക്കാം. |
| 3 | ലീലാവതിയമ്മ | 356/2–B5,389/19–2 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 3, വാഴ 33, ജാതി 1, മാവ് 2, പ്ലാവ് 1, തേക്ക് 1, കൃഷിയിൽനിന്നുമുള്ള വരുമാനം നഷ്ടമാകും. |
|  | ജോൺ.പി.വി | 387/1 | സ്ഥലം, ശുചിമുറി, കിണർ, ബോർവെൽ, സെപ്റ്റിക് ടാങ്ക്, തെങ്ങ് 5, മാവ് 2, പ്ലാവ് 2, പേര 1, ചാമ്പ 1, ഉപജീവനമാർഗ-മായ വാടകയിനത്തിലുള്ള വരുമാനം നഷ്ടമാകും |
| 5 | എബ്രഹാം | 389/5–A2 | സ്ഥലം, കിണർ, കോൺ ക്രീറ്റ് മോട്ടോർ പുര, പ്ലാവ്, ജാതി, കുന്തിരിക്കം,തേക്ക്, വാളൻ പുളി,മരുത്, സിൽവർ, കപ്പങ്ങ, പരിപ്പൻ പുളി, എടന 2, പേര 2, വാഴ 20, കാപ്പി 4, മൾബറി 2, ആഞ്ഞിലി 2, തെങ്ങ് 9, കവുങ്ങ് 9, മഹാഗണി 9, ഉപജീവനമാർഗം നഷ്ടമാകും. പദ്ധതിബാധിതമാകുന്ന കിണർ |

| | | | |
|---|---|---|---|
| | | | മാറ്റിസ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലം അനുയോജ്യമല്ല |
| 6 | സി.വി.ജോർജജ്(Late) | 357/1- A5 | സ്ഥലം, ഗേറ്റ്, ചുറ്റുമതിൽ, തെങ്ങ് 1, മാവ് 1,തേക്ക് 1,വാഴ 2, ആര്യവേപ്പ് 1 |
| 7 | ജയകുമാർ | 389/17-6 | സ്ഥലം, ചുറ്റുമതിൽ,സെപ്റ്റിക് ടാങ്ക്, ഓവർഫ്ലോ ടാങ്ക്, തെങ്ങ് 5, തേക്ക് 3,പ്ലാവ് 2, പൊങ്ങല്യം 1, ആഞ്ഞിലി 1 |
| 8 | സുശീലദേവി.കെ.ആർ | 389/4-7<br>357/5- A4 | സ്ഥലം, കിണർ, കുഴൽ ക്കിണർ (2),കുളം, ചുറ്റുമതിൽ, പൈനാപ്പിൾ 200, പുളി, വട്ട 9, കാപ്പി 18, കവുങ്ങ് 5, തെങ്ങ് 27, മുരിങ്ങ 3, ആഞ്ഞിലി 3, പ്ലാവ് 3, ഉപജീവനമാർഗം നഷ്ടമാകും. |
| 9 | ശങ്കരനാരായണൻ നായർ | 389/15-2 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, കവുങ്ങ് 1, തേക്കിൻ തൈ 1, പപ്പായ 2 |
| 10 | രാജീവ് | 392/3-6 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, വീടിന്റെ മുൻവശത്തെ പാർക്കിംഗ് സ്ഥലം |
| 11 | എൻ.ജെ.രാജു | 392/1-B3<br>393/3 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,അലുമിനിയം ഷീറ്റിട്ട ഷെഡ്, അരണമരം 2, ഗ്രീൻ പന 25, റെഡ് പന 25, ഞാവൽ 1 |
| 12 | വർഗ്ഗീസ്മാത്യു | 393/3 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, കാന, പ്ലാവ് 5, കവുങ്ങ് 10, തേക്ക് 2, മഹാഗണി 1, വാഴ 7, ആഞ്ഞിലി 1 |
| 13 | ബിന്ദു.എം | 393/3 B | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് |
| 14 | ബാവ റാവുത്തർ | 389/1-2<br>388/1-18<br>388/1-19 | സ്ഥലം, കമ്പനിപ്രവർത്തിക്കുന്ന കെട്ടിടം, ചുറ്റുമതിൽ, ഗേറ്റ്, ആഞ്ഞിലി 2, മാവ് 2, തെങ്ങ് 6, വാഴ 15, തേക്ക് 1,വേങ്ങ 1, ഉപജീവനമാർഗം നഷ്ടമാകും |
| 15 | എൻ.ജെ കുര്യാക്കോസ് | 392/1- B3<br>393/3 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, ,അലുമിനിയം ഷീറ്റിട്ടഷെഡ്,വാടക വീട്, കുഴൽ കിണർ, സെപ്റ്റിക് ടാങ്ക്, പ്ലാവ് 1,മാവ് 1,തെങ്ങ് 1,ഗ്രീൻ പന 30, ചാമ്പ 1, |

| | | | |
|---|---|---|---|
| | | | വാടകയിനത്തിലുള്ള വരുമാനം നഷ്ടമാകും |
| 16 | പി.എ.ജോസ് | 387/3-2 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, ആര്യവേപ്പ് 1, പ്ലാവ് 1,പുളി 1, തെങ്ങ് 1, മാവ്1, കണിക്കൊന്ന 1 |
| 17 | എം.പി.ചെറിയാൻ | 388/1-7 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 2, തേക്ക് 1,മഹാഗണി 1, ജാതി 1 |
| 18 | ദിലീപ് ജോർജജ് | 388/2 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, അടയ്ക്കാമരം3 |
| 19 | മോളി ജോർജജ് | 387/1-2 | സ്ഥലം, ഷീറ്റിട്ടഷെഡ് |
| 20 | എൻ.വി. ജോർജജ് | 387/6- C<br>387/1-2 | സ്ഥലം, ഗേറ്റ്, കുഴൽ കിണർ, കയ്യാലഭിത്തി, തെങ്ങ് 7, തേക്ക്, ആഞ്ഞിലി, പേര, തെങ്ങിൽനിന്നുള്ള വരുമാനം |
| 21 | കെ.എൽ.ജോർജജ് | 387/3-2 | സ്ഥലം, ഗേറ്റ് |
| 22 | കെ.എം.ബഷീർ,<br>കെ.മുഹമ്മദ്,<br>പി.എസ്.ഫക്രുദീൻ | 393/5 A-2<br>393/5 B-3 | വീട്ടിലേക്കുള്ളവഴി |
| 23 | വിജികുമാർ | 389/6B<br>389/6A | സ്ഥലം, തേക്ക്- 2 തേരകം-2, വാഴ-5, പന-1 |
| 24 | സാജു സക്കറിയ | 392/2-3,<br>392/3-4 | സ്ഥലം, ഗേറ്റ്, ചുറ്റുമതിൽ, തെങ്ങ്, കവുങ്ങ്, വാഴ, മാവ് |
| 25 | കെ.ഒ.ചാക്കോ | 388/E1 | സ്ഥലം, ഗേറ്റ്, ചുറ്റുമതിൽ, തെങ്ങ് 4, പ്ലാവ് 2, തെങ്ങിൽ നിന്നുള്ളവരുമാനം, റോഡ് ഉയരുമ്പോൾ പുരയിടത്തിൽ വെള്ളം കയറുവാനുള്ള സാധ്യത |
| 26 | മഞ്ജുഭാഷിണി. ആർ. | 388/2-1 | സ്ഥലം, കുഴൽ കിണർ, ഗേറ്റ്, ചുറ്റുമതിൽ<br>തെങ്ങ് 4, ആയിനിമരം 1 |
| 27 | ബാലചന്ദ്രൻ.പി.കെ | 357/5-A7,<br>357/5- B | സ്ഥലം, പൈനാപ്പിൾകൃഷി, തെങ്ങ് 20, തേരകം-5, കരിംതകര-1, തേക്ക്-2,വട്ട-2, ഉപജീവനമാർഗം |

| | | | |
|---|---|---|---|
| 28 | ടെഡി ജോൺ | 393/3 A–2 | തരിശ്ഭൂമി |
| 29 | വർക്കി ജോസഫ് | 393/4 | തെങ്ങ് 5, കവുങ്ങ് 4, വാഴ 1 |
| 30 | ബാബു ജോസഫ് & എൻ.വി.ജോസഫ് | 393/4–2 | തെങ്ങ് 5, കവുങ്ങ് 4, വാഴ 3, വരുമാനം നഷ്ടമാകും |
| 31 | ഐസക് ഫ്രാൻസ്സിസ് | 393/5– A4 | സ്ഥലം, 110 കെ.വി ട്രാൻസ്ഫോർമർ, പാർക്കിംഗ് ഏരിയ, ഗേറ്റ്, ചുറ്റുമതിൽ, വൈദ്യുതി തൂൺ, ടിക്കറ്റ് കൗണ്ടർ |
| 32 | ജേക്കബ് | 387/2–A3 | സ്ഥലം, 2 വാടക കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ, സ്റ്റെപ്പ്സ്, വഴി |
| 33 | ആനി.പി.ജോൺ | 392/3–5 | സ്ഥലം, വാഴ, തേക്ക്, പ്ലാവ്, ചുറ്റുമതിൽ, ഗേറ്റ് |
| 34 | ചെറിയാൻ | 389/5– A2<br>389/6B-3 | സ്ഥലം, റബ്ബർ 13, തെങ്ങ് 2, ആഞ്ഞിലി , വട്ട, കയ്യാല, ചുറ്റുമതിൽ, റബ്ബറിൽ നിന്നുള്ള വരുമാനം നഷ്ടമാകും |
| 35 | മിനി ഗോപകുമാർ, വാസൻ, വിശ്വൻ, ലതിക, അനുകുട്ടി, ചന്ദ്രിക (മരിച്ചു) | 356/1–A4,356/1–B7, 356/1–B8 | സ്ഥലം, തെങ്ങ് 20,തെങ്ങിൽനിന്നുള്ള വരുമാനം, അവശേഷിക്കുന്ന സ്ഥലം ഉപയോഗയോഗ്യമല്ലാതെയാകും |
| 36 | രാജു പൗലോസ് | 392/3–4 | വീട്ടിലേയ്ക്കുള്ള ടാറിട്ട വഴി പോകും |
| 37 | രാഹുൽ&രശ്മി | 387/6 C-14 | സ്ഥലം, ഗേറ്റ്, ചുറ്റുമതിൽ, മുറ്റം, തെങ്ങ്, കിണർ, വരുമാനം നഷ്ടമാകും |
| 38 | എൻ.പി.ശശികുമാർ | 389/15–8 | സ്ഥലം, ചുറ്റുമതിൽ, മുറ്റം, മാവ് 1,തെങ്ങ് 2 |
| 39 | ബാലകൃഷ്ണൻ നായർ | 357/5– A4, 356/2– B8 | സ്ഥലം, പൈനാപ്പിൾ 200, വരുമാനം നഷ്ടമാകും |
| 40 | കമല രാമചന്ദ്രൻ | 358/5– A3 | സ്ഥലം,തെങ്ങ്, പ്ലാവ്, പൈനാപ്പിൾ 10, തെങ്ങിൻതൈ, തേക്ക്, വട്ട, കയ്യാല, വരുമാനം നഷ്ടമാകും |
| 41 | ഡിപിൻ രാജ് | 387/4– B11 | സ്ഥലം, കയ്യാല, തെങ്ങ് 3, വാഴകൃഷി, വരുമാനം നഷ്ടമാകും |

| | | | |
|---|---|---|---|
| 42 | പാട്രിക് ജോസ് പോൾ | 387/6- C5 | സ്ഥലം, ഗേറ്റ്, ചുറ്റുമതിൽ, തെങ്ങ് 15, വാഴ 1, തേരകം 1, വരുമാനം നഷ്ടമാകും, അവശേഷിക്കുന്ന സ്ഥലം ഉപയോഗ യോഗ്യമല്ലാതെയാകും |
| 43 | പെട്രീഷ്യ പോൾ | 387/6- A2 | സ്ഥലം, ഗേറ്റ്, ചുറ്റുമതിൽ,തെങ്ങ് 15, വാഴ 1തേരകം 1, വരുമാനം നഷ്ടമാകും, അവശേഷിക്കുന്ന സ്ഥലം ഉപയോഗയോഗ്യമല്ലാതെയാകും |
| 44 | ബിയാട്രിസ് ജോൺ | 387/6-A4 | സ്ഥലം, ഗേറ്റ്, ചുറ്റുമതിൽ, തെങ്ങ് 15, വാഴ1, തേരകം1, ആഞ്ഞി ലി 1, വരുമാനം നഷ്ടമാകും, അവശേഷിക്കുന്ന സ്ഥലം ഉപയോഗയോഗ്യമല്ലാതെയാകും |
| 45 | ജോൺ മാത്യു, ചാൾസ്മാത്യു | 357/8- A4 | സ്ഥലം, പച്ചക്കറി കൃഷി, വരുമാനം നഷ്ടമാകും |
| 46 | ഡോ.സുജാത മോഹൻകുമാർ | 388/2 (doubt) | സ്ഥലം, ഗേറ്റ്, ചുറ്റുമതിൽ, കിണർ,തെങ്ങ്, വാഴ, ആഞ്ഞിലി, പ്ലാവ്,, കവുങ്ങ്, വരുമാനം നഷ്ടമാകും |
| 47 | അനസൂയദേവി | 388/3- A2 | സ്ഥലം, വീടിനെ ചെറിയ തോതിൽബാധിക്കുന്നു, ഗേറ്റ്, ചുറ്റുമതിൽ, കൃഷികൾ, വരുമാനം നഷ്ടമാകും |
| 48 | മുരളീധരൻ | 388/2 (doubt) | സ്ഥലം, വീടിനു വേണ്ടി പണിത തറ, ചുറ്റുമതിൽ, ഗേറ്റ് |
| 49 | രാധാകൃഷ്ണൻ നായർ | 388/2 (doubt) | സ്ഥലം, വീടിനു വേണ്ടി പണിത തറക്കല്ല്, ചുറ്റുമതിൽ, കൃഷി |
| 50 | ജോബ്.വി.പൊറ്റയിൽ | 392/3-6 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, ഷെഡ്, പാർക്കിംഗ് സ്ഥലവും മുറ്റവും പൂർണ്ണമായും നഷ്ടപ്പെടു ന്നതിനാൽ കെട്ടിടം വാടകക്ക് നൽകുന്നതിന കഴിയാതെ വരുകയും വരുമാനം നഷ്ടമാകുകയും ചെയ്യും |
| 51 | രാജു ചാക്കോ | 389/4-5 | സ്ഥലം |

| | | | |
|---|---|---|---|
| | | | |
| 52 | ജോർജ്ജ് ജോൺ, റോണി ജോൺ | 393/4 | സ്ഥലം |
| 53 | പൈലി മത്തായി (Late) | 522/16 | ഓടും കോൺ ക്രീറ്റും ചെയ്ത വീട്, ചുറ്റുമതിൽ, ഗേറ്റ്, ശൗചാലയം, സെപ്റ്റിക് ടാങ്ക്, റബ്ബർഷീറ്റ് പുര, തെങ്ങ്, പ്ലാവ്, തേക്ക്, ജാതി, ആഞ്ഞിലി, മാവ്, വട്ട, വാടക വരുമാനവും, കൃഷിയിൽ നിന്നുള്ള വരുമാനവും നഷ്ടമാവും. |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായ് ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ 26 ഭൂവുടമകൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നവരാണ്. പദ്ധതിബാധിതമാകുന്ന 11 വീടുകളിൽ 8 വീടുകൾ ഉടമകളുടെ കുടുംബങ്ങൾ താമസത്തിന് ഉപയോഗിക്കുന്നവയാണ്. കൂടാതെ ശ്രീ. എൻ.ജെ. കുര്യാക്കോസിൻെറ ഉടമസ്ഥതയിലുള്ള, പദ്ധതിക്ക് വേണ്ടി പൊളിച്ച് മാറ്റേണ്ടി വരുന്ന വീട്ടിൽ ശ്രീ. ശ്രീനിവാസ് വേൽമുരുകൻെറ കുടുംബം 30 വർഷക്കാലമായി വാടകക്ക് താമസിക്കുന്നു.

### 5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ 9 ഭൂവുടമകൾ പദ്ധതി പ്രദേശത്തെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. ഉടമകളല്ലാത്ത വ്യക്തികളും ഉപജീവനത്തിനായി പദ്ധതി പ്രദേശത്തെ ആശ്രയിക്കുന്നുണ്ട്.

#### *5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)*

പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ തങ്ങളുടെ ഉപജീവനത്തിനായി വാടകക്ക് 3 വർഷമോ അതിലധികമോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും ടി സ്ഥാപനങ്ങളിലോ ഉടമകൾ നടത്തുന്ന പദ്ധതിബാധിതമാകുന്ന സ്ഥാപനത്തിലോ പ്രവർത്തിക്കുന്നവരോ ആയ തൊഴിലാളികൾ ഉണ്ട്. ഇവരെ പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായി കണക്കാക്കേണ്ടതാണ. പ്രസ്തുത വാടകക്കാരുടെയും തൊഴിലാളികളുടെയും വിവരങ്ങൾ പട്ടിക 5.6.1.ൽ നൽകിയിരിക്കുന്നു

**പട്ടിക 5.6.1: *പരോക്ഷ ആഘാതബാധിതർ***

<table>
<tr><th>ക്രമ നമ്പർ</th><th>വാടകക്കാരൻ</th><th>പ്രവർത്തനം</th><th>പ്രത്യാഘാതത്തിന്റെ കാരണം</th><th>പ്രവർത്തന കാലയളവ്</th><th>തൊഴിലാളികൾ</th><th>ഉടമ</th></tr>
<tr><td>1</td><td>എൽദോസ് വി.എം</td><td>മീൻ കട</td><td>കെട്ടിടം നഷ്ടമാകും</td><td>4 വർഷം</td><td>1.ജെയ്മോൻ<br>2. ജുബൈർ</td><td>ജോണി വർഗീസ്</td></tr>
<tr><td>2</td><td>മുരളീധരൻ</td><td>ചായക്കട</td><td>കെട്ടിടം നഷ്ടമാകും</td><td>18 വർഷം</td><td></td><td>മോളി ജോർജ്</td></tr>
<tr><td>3</td><td>അൻസിൽ ഹുസൈൻ</td><td>ഓട്ടോ ഇലക്ട്രിക്കൽ വർക്ക്ഷോപ്പ്</td><td rowspan="2">കെട്ടിടത്തിന്റെ മുൻവശത്ത് സ്ഥലം പൂർണ്ണമായും നഷ്ടമാകുന്നു</td><td>10 വർഷം</td><td>സൽമാൻ</td><td rowspan="2">ജേക്കബ്</td></tr>
<tr><td>4</td><td>അരുൺ.പി.മനോജ്</td><td>കഞ്ഞിക്കട</td><td>3 വർഷം</td><td></td></tr>
<tr><td>5</td><td>രാജേഷ് മേനോൻ</td><td>ഗ്യാസ്</td><td>മുൻ വശവും പാർക്കിങ്ങും</td><td>8 വർഷം</td><td>1.ജുലിമോൾ</td><td>ജോബ് വി.പൊറ്റ</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | & രചന രാജേഷ് | ഏജൻസി | നഷ്ടമാകും | | കെ.എം.<br>2. അനില അജി<br>3. ശിവൻ ഇ.ആർ.,<br>4.സുബീഷ് എം.പി<br>5 ദീപ്തി സതീഷ്<br>6 ഷിബു ഇ.ഐ<br>7 സജി പോൾ<br>8. ബിനു രാജൻ<br>9. മാണി വർഗീസ്<br>10. രാഹുൽ സുരേഷ്<br>11. ജയൻ കുമാരൻ<br>12. ഷിജു എം.കെ<br>13 സിബിൻ ബാബു | യിൽ |
| 6 | | ബാവാസ് എൻറർപ്രൈസസ് | കെട്ടിടം നഷ്ടമാകും | | ഏകദേശം 10 തൊഴിലാളികൾ | ബാവാ റാവുത്തർ |

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിബാധിതരാകുന്ന 35 ഭൂവുടമകളുടെ സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള ധാരാളം വൃക്ഷങ്ങളുണ്ട്. 18 ഭൂവുടമകളുടെ സ്ഥലങ്ങളിൽ വിവിധ കൃഷികളുണ്ട്. പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളിൽ 11 വീടുകളുണ്ട്. 1 ഭൂവുടമയുടെ കമ്പനി പ്രവർത്തിക്കുന്ന കെട്ടിടവും പദ്ധതിബാധിത ഭൂമിയിലുണ്ട്.

# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ 29 ഉടമകൾ മാത്രമാണ് പദ്ധതിപ്രദേശത്തും സമീപത്തുമായി താമസിക്കുന്നത്.

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ വിവരം നൽകിയ പദ്ധതിബാധിതരാകുന്ന 53 ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

**ചിത്രം 6.1.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ ലിംഗഭേദം**




പദ്ധതിബാധിത കുടുംബാംഗങ്ങളിൽ 52% പുരുഷന്മാരും 48% സ്ത്രീകളുമാണ്.

**ചിത്രം 6.1.2 പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായം**



സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ വിവരം നൽകിയ 53 പദ്ധതി ബാധിത കുടുംബാംഗങ്ങളിൽ 14% അംഗങ്ങൾ 18 വയസിൽ താഴെ പ്രായമുള്ള കുട്ടികളാണ്. 17% അംഗങ്ങൾ 18നും 35 നും ഇടയിലും 11% പേർ 35 നും 45 നും ഇടയിൽ പ്രായമുള്ളവരും 23% പേർ 45 നും 60 നും ഇടയിൽ പ്രായമുള്ളവരാണ്. അവശേഷിക്കുന്ന 35% അംഗങ്ങളും 60 വയസിനു മുകളിൽ പ്രായമുള്ള വയോജനങ്ങളാണ്.

### 6.1. a. പദ്ധതിബാധിത കുടുംബങ്ങളുടെ മതവും സാമൂഹ്യ വിഭാഗവും

സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ വിവരം നൽകിയ 53 പദ്ധതിബാധിത കുടുംബങ്ങളിൽ 19 കുടുംബങ്ങൾ ഹിന്ദുമതത്തിലും 32 കുടുംബങ്ങൾ ക്രിസ്തുമതത്തിലും 2 കുടുംബങ്ങൾ ഇസ്ലാം മതത്തിലും ഉള്ളവരാണ്. പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം പരിശോധിക്കുമ്പോൾ 46 കുടുംബങ്ങൾ പൊതുവിഭാഗത്തിലും 5 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നു. 3 കുടുംബങ്ങളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചിട്ടില്ല.

### 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള ഭൂവുടമകളുടെ കുടുംബങ്ങളുടെ തൊഴിൽ, വരുമാനം തുടങ്ങിയ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

പദ്ധതിബാധിത കുടുംബാംഗങ്ങളിലെ 38% മാത്രമാണ് വരുമാദായകരായിട്ടുള്ളത് ശേഷിക്കുന്ന 72% അംഗങ്ങൾ ആശ്രിതരാണ്.

**ചിത്രം 6.2.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ തൊഴിൽ**




സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗങ്ങൾ മുകളിൽ ചിത്രീകരിച്ചിരിക്കുന്നു. പദ്ധതിബാധിത കുടുംബങ്ങളിൽ 7 കുടുംബങ്ങൾ കൃഷിയെ ആശ്രയിച്ചും 10 കുടുംബങ്ങൾ വ്യാപാരം/കച്ചവടം ചെയ്തുമാണ് വരുമാനം ആർജിക്കുന്നത്. സർക്കാർ ജോലിയെ ആശ്രയിച്ച് ജീവിക്കുന്ന 1 കുടുംബവും സ്വകാര്യ സ്ഥാപനങ്ങളിലെ ജോലിയെ ആശ്രയിക്കുന്ന 6 കുടുംബങ്ങളും ഉണ്ട്. കൃഷിയിൽ നിന്നും ഒപ്പം മറ്റ് ജോലിയിൽ നിന്നും, കൃഷിയിൽ നിന്നും ഒപ്പം പെൻഷൻ വരുമാനവുമുള്ള 3 കുടുംബങ്ങൾ വീതമുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന അംഗങ്ങളുള്ള 2 കുടുംബങ്ങളുണ്ട്. വരുമാനദാതാക്കൾ ഡോക്ടർമാരായ 2 കുടുംബങ്ങളുണ്ട്. ഒരു കുടുംബം ഡ്രൈവർ ജോലിയെ ആശ്രയിച്ച് ജീവിക്കുന്നു. വരുമാനദാതാക്കൾ ഡോക്ടർ മാരായ 2 കുടുംബങ്ങളുണ്ട്. വാടകയിനത്തിൽ ലഭിക്കുന്ന വരുമാനത്തെ ആശ്രയിച്ച് ജീവിക്കുന്ന 1 കുടുംബമുണ്ട്. 11 കുടുംബങ്ങളിലെ വരുമാനദാതാക്കൾ പെൻഷൻ ലഭിക്കുന്നവരാണ്. 6 കുടുംബങ്ങളിൽ നിന്ന് ടി വിവരം ലഭിച്ചില്ല.

**ചിത്രം 6.2.2. പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനം**




സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളുടെ മാസ വരുമാനത്തെക്കുറിച്ചുള്ള വിവരങ്ങൾ മുകളിൽ ചിത്രീകരിച്ചിരിക്കുന്നു. പദ്ധതി ബാധിതരാകുന്ന 5 കുടുംബങ്ങൾക്ക് 10,000/- രൂപയിൽ താഴയാണ് മാസവരുമാനമുള്ളത്. 10,000 രൂപയ്ക്കും 20,000/- രൂപയ്ക്കുമിടയിലും, 45,000 രൂപയ്ക്കും 60,000 രൂപയ്ക്കും ഇടയിലും മാസവരുമാനമുള്ള 1 കുടുംബം വീതമുണ്ട്. 4 കുടുംബങ്ങളുടെ മാസവരുമാനം 20,000 രൂപയ്ക്കും 35,000 രൂപയ്ക്കും ഇടയിലാണ്. 75,000 രൂപയ്ക്കും 1 ലക്ഷം രൂപയ്ക്കും ഇടയിലും, 1 ലക്ഷം രൂപയ്ക്കും 2 ലക്ഷം രൂപയ്ക്കും ഇടയിലും മാസവരുമാനമുള്ള 3 കുടുംബങ്ങൾ വീതമുണ്ട്. 36 കുടുംബങ്ങളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചില്ല.

**പട്ടിക 6.2.1.: പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിന്റെ വിവരങ്ങൾ**

| **റേഷൻകാർഡിന്റെ നിറം** | ഉടമകൾ |
|---|---|
| നീല | 6 |
| വെള്ള | 42 |
| റേഷൻ കാർഡ് ഇല്ല | 3 |
| വിവരം ലഭ്യമല്ല | 2 |
| **ആകെ** | **53** |

പദ്ധതിബാധിതരാകുന്ന 42 കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡും, 6 കുടുംബങ്ങൾക്ക് നീല നിറത്തിലുള്ള റേഷൻ കാർഡുമാണ് ലഭിച്ചിട്ടുള്ളത്. 3 കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭിച്ചിട്ടില്ല. 3 കുടുംബങ്ങളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചിട്ടില്ല

### 6.3. ദുർബലജനവിഭാഗം

പദ്ധതിബാധിത കുടുംബാംഗങ്ങളിലെ 14% കുട്ടികളും (18 വയസിൽ താഴ) 35% വയോജനങ്ങളുമാണ് (60 വയസും അതിൽ കൂടുതലും). പദ്ധതിബാധിത ഭൂവുടമകളിൽ 1 ഭൂവുടമ കിടപ്പ് രോഗിയാണ്. പദ്ധതിബാധിത കുടുംബാംഗങ്ങളിൽ 1 ക്യാൻസർ രോഗിയും 6 ഹൃദ്രോഗികളും ഉണ്ട്. കൂടാതെ പദ്ധതി ബാധിത കുടുംബാംഗങ്ങളിൽ 9 അംഗങ്ങൾ വിധവകളാണ്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 24 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, 15 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്കും, 5 ഉടമകളുടെ സ്ഥലങ്ങൾ കച്ചവട ആവശ്യത്തിനും, 5 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും കൃഷിക്കുമായും ഉപയോഗിക്കുന്നു. 4 ഉടമകളുടെ സ്ഥലങ്ങൾ തരിശ് ഭൂമിയാണ്.

സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ 8 ഭൂവുടമകൾ ടി ഭൂമി ഏറ്റെടുക്കൽ തങ്ങളുടെ ഉപജീവനമാർഗത്തെ പ്രതികൂലമായി ബാധിക്കും എന്ന് അഭിപ്രായപ്പെട്ടു. ഇവരിൽ 2 ഭൂവുടമകളുടെ ഉപജീവനമാർഗം കൃഷി ആയതിനാൽ പദ്ധതിബാധിത ഭൂമിയിലെ കൃഷി നഷ്ടമാകുന്നത് നിമിത്തം വരുമാനത്തിൽ കുറവ് വരും. പദ്ധതി ബാധിതമാകുന്ന കെട്ടിടത്തിൽ നിന്ന് വാടകയിനത്തിൽ ലഭിക്കുന്ന വരുമാനമാണ് 5 ഭൂവുടമകൾക്ക് നഷ്ടമാകുന്നത്. 1 ഭൂവുടമ നടത്തുന്ന കമ്പനിയാണ് പദ്ധതിബാധിതമാകുന്നത്. ഭൂവുടമകളെ കൂടാതെ പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൽ വാടകക്ക് പ്രവർത്തിക്കുന്ന 5 വ്യക്തികളുടെയും തൊഴിലാളികളുടെയും ഉപജീവനമാർഗവും പദ്ധതിബാധിതമാകുന്നുണ്ട്.

### 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഒന്നും നിലവിലില്ല

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രദേശത്ത് വിവിധ വിധത്തിലുള്ള കൃഷികളുണ്ടെങ്കിലും പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും മറ്റ് തൊഴിലുകളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്. എന്നിരുന്നാലും പദ്ധതിബാധിതമാകുന്ന പ്രദേശത്തെ കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന ഏതാനും കുടുംബങ്ങളുണ്ട്. പദ്ധതിപ്രദേശത്ത് 1 ഉടമ നടത്തി വരുന്ന കമ്പനി പദ്ധതി ബാധിതമാകുമ്പോൾ ഉടമയുടെയും തൊഴിലാളികളുടെയും ഉപജീവനത്തെ പദ്ധതി ബാധിക്കുന്നുണ്ട്. കൂടാതെ പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളിൽ വടകക്ക് കച്ചവടവും മറ്റും നടത്തി ഉപജീവനം നടത്തുന്ന വ്യക്തികളുണ്ട്.

## 6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബ ങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

## 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല

### 6.11പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലാണ് മൂവാറ്റുപുഴ പട്ടണം സ്ഥിതി ചെയ്യുന്നത്. കച്ചവടത്തിൻെറയും കൃഷിയുടെയും സിരാകേന്ദ്രമായിമായി ഈ സ്ഥലം അറിയപ്പെടുന്നു. പ്രദേശത്തിൻെറ വികസനം കുതിച്ചുയരാൻ വേഗതയേറിയതും സുരക്ഷിതവുമായ ഒരു റോഡ് ശൃംഖല അനിവാര്യമാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി മൂവാറ്റുപുഴയുടെ വികസനത്തിന് കാരണമാകും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതിപ്രദേശങ്ങളെല്ലാം മൂവാറ്റുപുഴ നഗരത്തിന്റെ സമീപ പ്രദേശങ്ങളാണ്. ആയതിനാൽ പ്രദേശവാസികൾക്ക് അവശ്യസൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതി യുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

ആദ്യഘട്ടത്തിൽ 20.12.2021 തീയതിയിൽ പദ്ധതിപ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാ തങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന ഏതാനും പദ്ധതി ബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി ചോദ്യാവലി സ്ഥിരീകരിച്ചു. തുടർന്ന് 2021 ഡിസംബർ 21,22,23,24 തീയതികളിൽ പഠന സംഘം പദ്ധതിബാധിത കുടുംബങ്ങൾ സന്ദർശിച്ച് നിർദ്ദിഷ്ട ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. പദ്ധതിപ്രദേശത്ത് താമസമില്ലാത്തതും നേരിൽ കാണുവാൻ കഴിയാതി രുന്നതുമായ ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തിരവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിൻെറ അടുത്ത ഘട്ടമായ് 31/01/2022 തീയതിയിൽ മൂവാറ്റുപുഴ ലയൺസ് ക്ലബ് ഹാളിൽ പകൽ 11.00 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചി ട്ടുണ്ട്. പ്രസ്തുത പബ്ലിക് ഹിയറിങ്ങിനുള്ള നോട്ടീസ് പ്രാദേശിക ഭാഷാ ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും, ഭൂവുടമകൾക്ക് ടെലഫോണി ലൂടെയോ നേരിട്ടോ വിവരം നൽകുകയും ചെയ്യും. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്യും പദ്ധതിയെ ക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ അർത്ഥനാധികാരിയുടെ കാര്യാലയത്തിലെ യും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിലെയും ഉദ്യോഗസ്ഥർ പങ്കെടുക്കും.

പദ്ധതിയെക്കുറിച്ചും ഭൂമിഏറ്റെടുക്കൽ നടപടികളെക്കുറിച്ചും പദ്ധതിബാധിതർക്കുള്ള ആശങ്കകളും സംശയങ്ങളും പങ്ക് വെക്കുന്നതിനുള്ള ഒരു വേദിയായിരിക്കും പബ്ലിക് ഹിയറിങ്ങ്.

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിന്റെ വികസന പദ്ധതിക്ക് വേണ്ടി മൂവാറ്റുപുഴ താലൂക്കിൽ മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ, ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിന്റെയും ചട്ടത്തിന്റെയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ–പുനസ്ഥാപനം എന്നിവ പദ്ധതിബാധിതർക്ക് നൽകുക.
- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വസനീയമായ തെളിവിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ–പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- ഭാഗികമായി പദ്ധതിബാധിതമാകുന്ന വീടുകളിലെ കുടുംബങ്ങൾക്ക് പദ്ധതിനിർമ്മാണഘട്ടത്തിൽ താമസത്തിന് ബുദ്ധിമുട്ട് നേരിട്ടാൽ കുടുംബങ്ങളുടെ താമസത്തിന് ബദൽ സംവിധാനം ഒരുക്കേണ്ടതാണ്

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

- പദ്ധതിബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ടി സൗകര്യങ്ങൾ നിലനിറുത്തുന്നതിന് പദ്ധതി രൂപരേഖയിൽ സാധ്യമായ മാറ്റം പരിഗണിക്കുക.

- ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് സാധ്യമല്ല എന്ന ചില കുടുംബങ്ങളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ ടി സ്ഥലം കൂടി ഏറ്റെടുക്കലിൽ പരിഗണിക്കുകയോ സാധ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

- നിർദ്ദിഷ്ട പദ്ധതിയുടെ ആദ്യഘട്ടമായി വെള്ളൂർക്കുന്നം വില്ലേജിൽ മുറിക്കല്ല് പാലവും റോഡും നിർമ്മിച്ചപ്പോൾ കേടുപാടുകൾ സംഭവിച്ച വീടിന്റെ നഷ്ടപരിഹാര നടപടികൾ ഇനിയും കാലതാമസമില്ലാതെ പരിഗണിക്കുക

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപ്പാസ് റോഡിന്റെ വികസന പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്

### 7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി കണക്കാക്കിയിട്ടുള്ള 50 കോടി രൂപയിൽ 35 കോടി രൂപ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വേണ്ടിയാണ് കണക്കാക്കിയിരിക്കുന്നത് എന്ന് ജി.എസ്. ഇൻഫ്രാസ്ട്രക്ച്ചർ, എറണാകുളം സമർപ്പിച്ച വിശദമായ പദ്ധതി രേഖയിൽ പറയുന്നു.

### 7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിപ്രദേശം സന്ദർശിച്ച അവസരത്തിൽ ഏതാനും കുടുംബങ്ങൾ തങ്ങളുടെ പദ്ധതി ബാധിതമാകുന്ന കിണർ, സെപ്റ്റിക് ടാങ്ക് തുടങ്ങിയ അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന്

അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ല എന്നതിനാൽ പദ്ധതിയുടെ രൂപരേഖയിൽ ചെറുതായ മാറ്റം പരിഗണിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടുതൽ കുടുംബങ്ങൾ പ്രത്യാഘാതബാധിതമാകാതിരിക്കുന്ന വിധത്തിലും ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലുമാണ് പദ്ധതി രൂപരേഖ തയ്യാറാകിയിരിക്കുന്നത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

### 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപന ത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതി ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിന്റെ വികസന പദ്ധതിക്ക് വേണ്ടി ഭൂമിഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

## പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 201 ഒന്നാം പട്ടികപ്രകാരവു അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുന സ്ഥാപനത്തിനുമുള്ള ചട്ടം 201 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളു നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്ന് രണ്ട് പട്ടികകൾ പ്രകാരവു അനുബന്ധമായ കേരള സംസ് ഥാന സർക്കാരിന്റെ പോളിസ് കൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | | പദ്ധതിബാധിതമാകുന്ന വീട്ടിൽ വളരെ വർഷങ്ങളായി താമസിക്കുന്ന കുടുംബ ത്തിന് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ് ഥാപന പാക്കേജിന് പരിഗണന |
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013ഒന്നാംപട്ടി കപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാ രിന്റെ പോളിസികൾ പ്രകാര വുമുള്ള നഷ്ടപരിഹാര നൽകുക | | ഭൂവുടമകളുടെ സാന്നി ധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്ത കയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | ഉപജീവനമാർഗം/ വരുമാനം നഷ്ടമാകൽ | RFCTLARRനിയമം 2013 രണ്ടാ പട്ടിക പ്രകാരവു അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് നൽകുക | | ഉപജീവനം/വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്കും, പദ്ധതിപ്രദേശത്ത് 3 വർഷത്തിലധികമായി തൊഴിൽ ചെയ്യുന്ന വിശ്വസനീയമായ രേഖകളുള്ള |

| | | | | |
|---|---|---|---|---|
| | | | | വാടകക്കാർക്കും തൊഴിലാളികൾക്കും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ് ഥാപന പാക്കേജിന് പരിഗണന. |
| 5 | അവശ്യസൗകര്യ ങ്ങൾ പദ്ധതി ബാധിതമാകൽ | RFCTLARR നിയമം 2013 ഒന്ന് രണ്ട് പട്ടികകൾ പ്രകാരവു അനുബന്ധമായ കേരള സംസ് ഥാന സർക്കാരിൻെറ പോളിസ് കൾ പ്രകാരവുമുള്ള നഷ്ട പരിഹാരവും പുനസ്ഥാപനവു നൽകുക | | കുടുംബങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ അവശ്യസൗകര്യങ്ങളു ടെ പുനസ്ഥാപനം |
| 6 | തുടർന്നുള്ള ഉപയോഗത്തിന് ഏറ്റെടുക്കലിനുശേ ഷം അവശേ ഷിക്കുന്ന ഭൂമിയുടെ അപര്യാപ്തത | ഭൂമിയുടെ നിജസ്ഥിതി പരിശോധിച്ച് നിയമത്തിൻെറ പരിധിക്കുള്ളിൽ സാധ്യമായ നടപടികൾ സ്വീകരിക്കുക | | ഭൂവുടമയ്ക്ക് ഉണ്ടായേക്കാനിടയുള്ള പ്രത്യാഘാതങ്ങൾക്ക് മതിയായ പരിഗണന |
| 7 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രദേശത്തെ വീടുകളിലേക്കു വസ്തുവകകളിലേക്കും പ്രവേശന നഷ്ടമാകാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണ ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതി പ്രദേശത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും മതിയായ പ്രവേശനമാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 6 | നിർമ്മാണ മാലിന്യങ്ങൾനിർ മ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടി തവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുന്നേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷ ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ട വരുന്നില്ല എന്ന് ഉറപ്പ് |

| | | | | |
|---|---|---|---|---|
| | | നട്ടപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | വരുത്തൽ |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത
# പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചി ക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്ന തിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനു മുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയാ യിരിക്കുന്നതാണ്. സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ) എറണാകുളം ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച്. നമ്പർ 1 കാക്കനാട് ആണ്

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുംപുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം

23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

1. ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

2.പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു.

- ചീഫ് സെക്രട്ടറി
- റവന്യൂ സെക്രട്ടറി
- അഡ്മിനിസ്ട്രേറ്റീവ് വകുപ്പിന്റെ സെക്രട്ടറി
- നിയമ സെക്രട്ടറി
- ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതി ബാധിതർക്ക് നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും. പ്രസ്തുത എസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയ ക്കുകയോ ചെയ്യും.

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം ജില്ലാതല കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതി ബാധിത

കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. ഗവൺമെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ന്റെ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിന്റെ വികസന പദ്ധതിക്ക് വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2021 ഡിസംബർ 10 തീയതിയിലെ C1-5068/2021/DCEKM, 2021 വിജ്ഞാപനത്തിലൂടെ എറണാകുളം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്ന് യഥാക്രമം ഏകദേശം 1.84.86 ഹെക്ടർ, 0.12.46 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് വേണ്ടി കുടുംബങ്ങൾ കുടി ഒഴിയേണ്ടി വരുന്നത് പോലുള്ള വലിയ പ്രത്യാഘാതങ്ങൾ ഇല്ല എങ്കിലും പദ്ധതി പ്രദേശത്തെ വീടുകൾ, കെട്ടിടങ്ങൾ, ചുറ്റുമതിൽ,സെപ്റ്റിക് ടാങ്ക് തുടങ്ങിയ നിർമ്മിതികൾ പദ്ധതിബാധിതമാകുകയും കൃഷി ഉൾപ്പടെ ഏതാനും കുടുംബങ്ങളുടെ ഉപജീവനമാർഗം നഷ്ടമാകുകയോ വരുമാനത്തിൽ കുറവ് വരുകയോ ചെയ്യേക്കാം. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടി രിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാ നിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
    - കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
    - സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
    - പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
    - പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതല പ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ) എറണാകുളം പദ്ധതിയുടെ പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണ ത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപന ത്തിനുമുള്ള അവകാശ നിയമം നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച്. നമ്പർ 1 കാക്കനാട് ആണ്. അഡ്മിനിസ്ട്രേറ്ററുടെ

കീഴിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച്. നമ്പർ 1 തയ്യാറാക്കുന്ന പുനരധിവാസ-പുനസ്ഥാപന സ്കീമിൻെറ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം - രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11
# നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

മധ്യ കേരളത്തിലെ ഒരു പ്രധാന വാണിജ്യ-വ്യവസായ കേന്ദ്രമായി വളർന്ന് കൊണ്ടിരിക്കുന്ന നഗരമാണ് മൂവാറ്റുപുഴ. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളെ ബന്ധിപ്പിക്കുന്ന 3 പ്രധാന റോഡുകളായ ദേശീയ പാത 85, സംസ്ഥാന പാത 41, സംസ്ഥാന പാത 1 എന്നിവ കൂടിചേരുന്ന ഒരു കവലയാണ് മൂവാറ്റുപുഴ. ഇവിടെ നിലവിൽ അനുഭവപ്പെട്ട് കൊണ്ടിരിക്കുന്ന ഗതാഗതകുരുക്കുകൾക്ക് പരിഹാരം ഉണ്ടാകുക എന്നത് വിവിധ ജില്ലകളിൽ നിന്നും പ്രദേശങ്ങളിൽ നിന്നും മൂവാറ്റുപുഴയിലൂടെ ദൈനംദിനം യാത്ര ചെയ്യുന്നവരുടെ പൊതുവായ ആവശ്യമാണ്. സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ 2.270 കിലോമീറ്റർ നീളത്തിൽ ബൈപാസ് റോഡിന്റെ വികസനമാണ് നിർദ്ദിഷ്ട പദ്ധതി. നിർദ്ദിഷ്ട പ്രദേശത്ത് മൂവാറ്റുപുഴ ആറിന് കുറുകെ മുറിക്കല്ല് പാലത്തിന്റെ നിർമാണം 14.07.2017ൽ പൂർത്തിയാക്കിയിട്ടുണ്ട് എങ്കിലും അനുബന്ധറോഡ് വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ എറണാകുളം, ഇടുക്കി, തൊടുപുഴ, കോട്ടയത്തിന്റെ കിഴക്കൻ മേഖല എന്നിവിടങ്ങളിൽ നിന്നുമുള്ള യാത്രക്കാർക്ക് മൂവാറ്റുപുഴ പട്ടണത്തിൽ കടക്കാതെ ബൈപാസിലേക്ക് പ്രവേശിക്കുവാൻ കഴിയും എന്നതിനാൽ യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയും. കൂടാതെ റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും.

മൂവാറ്റുപുഴ താലൂക്കിലെ മാറാടി, വെള്ളൂർക്കുന്നം യഥാക്രമം 1.84.86 ഹെക്ടർ, 0.12.46 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള ആസ്തികൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളിലെ 3 വിടുകൾ പൂർണ്ണമായും പൊളിച്ച് നീക്കേണ്ടി

വന്നേക്കാം എങ്കിലും കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല. എന്നിരുന്നാലും ടി വീടുകൾ ഉൾപ്പടെ പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ നിന്ന് ലഭിക്കുന്ന വാടക വരുമാനം, പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൽ ഭൂവുടമ നടത്തുന്ന കമ്പനി, പദ്ധതിബാധിത ഭൂമിയിലെ കൃഷി എന്നിവ നഷ്ടമാകുന്നത് മൂലം 9 ഭൂവുടമകളുടെയും കൂടാതെ പദ്ധതിബാധിത പ്രദേശത്ത് പ്രവർത്തിക്കുന്ന 5 വാടകക്കാരുടെയും ഏകദേശം 25 തൊഴിലാളികളുടെയും ഉപജീവനത്തെ ബാധിച്ചേക്കാം. കൂടാതെ പദ്ധതിബാധിത പ്രദേശത്തെ കിണറുകൾ, സെപ്റ്റിക് ടാങ്ക്, ചുറ്റുമതിൽ തുടങ്ങിയ ഏതാനും നിർമ്മിതികളും ധാരാളം വൃക്ഷങ്ങളും പൊളിച്ച് മാറ്റേണ്ടി വരും. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ ഭൂരിഭാഗം ഭൂവുടമകൾക്കും പദ്ധതിയെക്കുറിച്ച് അനുകൂലമനോഭാവമാണ് എന്ന് മനസിലാക്കുന്നു.

### 11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപ്പാസ് റോഡിന്റെ വികസന പദ്ധതിക്ക് വേണ്ടി എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിലെ മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്ന് യഥാക്രമം 1.84.86 ഹെക്ടർ, 0.12.46 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം ഭൂവുടമകൾക്കും ഏതാനും മറ്റ് വ്യക്തികൾക്കും മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കാരണമാകും എന്ന് മാത്രമല്ല തൊട്ടടുത്ത ജില്ലകളിലെ ജനങ്ങൾക്കും പ്രയോജനപ്രദമാകും എന്നതിനാൽ പദ്ധതിബാധിതകുടുംബങ്ങൾ ഉൾപ്പടെയുള്ള ഭൂരിഭാഗം പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരളഭൂമി

ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റെവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമിഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ യഥാസമയും നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്കൊണ്ടും സംസ്ഥാന പാത 1 ലെ എം.സി.റോഡ് 130 ജംഗ്ഷൻ മുതൽ ദേശീയ പാത 85 ലെ കടാതി വരെ മൂവാറ്റുപുഴ ബൈപാസ് റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിലെ മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ നിന്നും യഥാക്രമം 1.84.86 ഹെക്ടർ, 0.12.46 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനര ധിവാസ–പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക
- ഭാഗികമായി പദ്ധതിബാധിതമാകുന്ന വീടുകളിലെ കുടുംബങ്ങൾക്ക് പദ്ധതി നിർമ്മാണ ഘട്ടത്തിൽ താമസത്തിന് ബുദ്ധിമുട്ട് നേരിട്ടാൽ കുടുംബങ്ങളുടെ താമസത്തിന് ബദൽ സംവിധാനം ഒരുക്കേണ്ടതാണ്

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതിബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ടി സൗകര്യങ്ങൾ നിലനിറുത്തുന്നതിന് പദ്ധതിരൂപരേഖയിൽ സാധ്യമായ മാറ്റം പരിഗണിക്കുക.

- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് സാധ്യമല്ല എന്ന ചില കുടുംബങ്ങളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ ടി സ്ഥലം കൂടി ഏറ്റെടുക്കലിൽ പരിഗണിക്കുകയോ സാധ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക
- നിർദ്ദിഷ്ട പദ്ധതിയുടെ ആദ്യഘട്ടമായി വെള്ളൂർക്കുന്നം വില്ലേജിൽ മുറിക്കല്ല് പാലവും റോഡും നിർമ്മിച്ചപ്പോൾ കേടുപാടുകൾ സംഭവിച്ച വീടിൻെറ നഷ്ട പരിഹാര നടപടികൾ ഇനിയും കാലതാമസമില്ലാതെ പരിഗണിക്കുക

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013

2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം

5. 2021 ഡിസംബർ 13 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3617 ൽ പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 2021 ഡിസംബർ 10 തീയതിയിലെ വിജ്ഞാപനം നമ്പർ C1-5068/2021/DCEKM.

6. കേരള റോഡ്സ് ഫണ്ട് ബോർഡ്, തൊടുപുഴ കാര്യാലയത്തിൽ നിന്ന് ലഭ്യമായ വിശദമായ പദ്ധതി രേഖ